# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുനെല്ലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. പി4 - 50/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 27/03/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുനെല്ലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. പി4 - 50/2023 തീയ്യതി: 27/03/2023

## വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2022 മുതൽ 02-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അഗസ്റ്റ്യൻ.ഒ.കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 03-01-2023 | 17-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-01-2023 | 17-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രശാന്ത്.സി.വി, ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ബിന്ദു.കെ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സമീർ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാലകൃഷ്ണൻ.പി.വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അനിൽകുമാർ.എൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.ചന്ദ്രൻ.എൻ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.പി.ലീസാജ് | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി | 01-04-2021 | 04-10-2021 |
| ഡോ.അജിത് അഗസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ.(പി.എച്ച്.സി) | 05-10-2021 | 31-03-2022 |
| ഡോ.ബീന ജോസ് | മെഡിക്കൽ ഓഫീസർ.(ഹോമിയോ) | 01-04-2021 | 21-07-2021 |
| ഡോ.സുരഭി.ബി | മെഡിക്കൽ ഓഫീസർ.(ഹോമിയോ) | 22-07-2021 | 31-03-2022 |
| ഡോ.കല | മെഡിക്കൽ ഓഫീസർ.ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.സീലിയ ലൂയീസ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 21-11-2021 |
| ഡോ.ജയേഷ് | വെറ്ററിനറി സർജ്ജൻ | 22-11-2021 | 31-03-2022 |
| ശ്രീമതി ത്രേസ്യ തോമസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-08-2021 |
| ശ്രീമതി.അപ്സര ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 31-08-2021 | 31-03-2022 |
| ശ്രീ.കുഞ്ഞമ്മദ്.കെ.പി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലിസ്സി ജോസഫ് ഏറത്ത് | ഹെഡ്മാസ്റ്റർ | 01-04-2021 | 02-12-2021 |
| ശ്രീമതി.സജിത.കെ.കെ | ഹെഡ്മാസ്റ്റർ | 03-12-2021 | 31-03-2022 |
| ശ്രീ.ബിനോയ് അഗസ്റ്റിൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-08-2021 |
| ശ്രീ.രജീഷ്.വി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-09-2021 | 31-03-2022 |
| ശ്രീമതി.ആൻസ അഗസ്റ്റിൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സുജിത്ത്കുമാർ.എം | സബ്.ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.അഞ്ജലി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 13 | വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. | 1-12 |
| 14 | വസ്തുനികുതി ഡിമാന്റിൽ കുറവ് വസ്തുനികുതി ഡിമാന്റിൽ കുറവ് | 1-13 |
| 15 | മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും നികുതി നിർണ്ണയിച്ചിട്ടില്ല. | 1-14 |
| 16 | വസ്തുനികുതികുടിശ്ശിക -സസ്പെകൂഡ് ഡിമാന്റ് ആയി നിർത്തിയിരിക്കുന്ന തുകകൾ ഈടാക്കിയിട്ടില്ല. | 1-15 |
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. | 1-16 |
| 18 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല . | 1-17 |
| 19 | റേഷൻകടകളുടെ തൊഴിൽനികുതി ഈടാക്കുന്നില്ല. | 1-18 |
| 20 | കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.. | 1-19 |
| 21 | കറവപ്പശു വിതരണം-ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നല്കി | 1-20 |
| 22 | ക്ഷീരകർഷകർക്ക് റബ്ബർമാറ്റ് വിതരണം-പദ്ധതി മാർഗ്ഗവിരുദ്ധമായി ധനസഹായം നല്കി | 1-21 |
| 23 | കമ്മ്യൂണിറ്റി മാത്ത് ലാബ് : പ്രോജക്റ്റ് വിശദാംശങ്ങൾ ലഭ്യമല്ല | 1-22 |
| 24 | സമ്പൂർണ്ണ ആദിവാസി സാക്ഷരത-ഫലപ്രാപ്തി വിവരങ്ങൾ ലഭ്യമല്ല | 1-23 |
| 25 | പച്ചക്കറി കൃഷി കുടുംബശ്രീ മുഖേനെ-കൈപ്പറ്റ് രേഖയില്ല | 1-24 |
| 26 | ലൈഫ് ഭവന പദ്ധതി- മുൻകൂർ കൈപ്പറ്റിയിട്ടും പ്രവൃത്തി തുടങ്ങാത്തവരിൽ | 1-25 |

| | | |
|---|---|---|
| | നിന്ന് തുക ഈടാക്കിയില്ല | |
| 27 | വി.ഇ.ഒ യുടെ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുകകൾ സർക്കാരിലേക്ക് തിരിച്ചടച്ചില്ല | 1-26 |
| 28 | ബയോബിൻ സ്ഥാപിക്കൽ-പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിശോധന ഇല്ലാതെ സ്ഥാപിച്ചു | 1-27 |
| 29 | വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം-കരാർചമച്ചിട്ടില്ല | 1-28 |
| 30 | തുണിസഞ്ചിയൂണിറ്റിന് ധനസഹായം നല്കൽ-കരാർ ചമച്ചിട്ടില്ല | 1-29 |
| 31 | പകർച്ചവ്യാധി നിയന്ത്രണം-പരിഹാരറിപ്പോർട്ട് സമർപ്പിച്ചിട്ടില്ല | 1-30 |
| 32 | ആദിവാസി വനിതാ ഗർഭകാല പരിചരണം-രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ | 1-31 |
| 33 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി-രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ | 1-32 |
| 34 | ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് പമ്പ്സെറ്റ് അനുവദിച്ചു. | 1-33 |
| 35 | പിരിച്ചുവിട്ട ജീവനക്കാരന് ഉപജീവനബത്ത നൽകിയത് ക്രമവിരുദ്ധം | 1-34 |
| 36 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് -അപാകതകൾ | 1-35 |
| 37 | ആസ്തിരജിസ്റ്റർ കാലികമാക്കിയില്ല. | 1-36 |
| 38 | റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല. | 1-37 |
| 39 | കുടിവെള്ളപദ്ധതിക്ക് തുക ചെലവഴിച്ചു- പദ്ധതിനടത്തിപ്പിൽ അപാകങ്ങൾ | 1-38 |
| 40 | സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാലും കൺസോളിഡേഷൻ കുറക്കാത്തതിനാലും അധികച്ചെലവ് . | 1-39 |
| 41 | പകൽവീടുകൾക്ക് തുക ചെലവഴിക്കുന്നു.രേഖകൾ ഇല്ല | 1-40 |
| 42 | വനിതാസമുച്ചയങ്ങൾക്ക് വയറിംഗും പ്ലംബിംഗും നടത്തിയിട്ടും വൈദ്യുതിയും വെള്ളവും ലഭ്യമായിട്ടില്ല. | 1-41 |
| 43 | നാലുസെന്റ് കോളനി പകൽവീട് -പിഴ ഈടാക്കിയില്ല | 1-42 |
| 44 | നിർവഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടുകളിൽ തുകകൾ അവശേഷിക്കുന്നു | 1-43 |
| 45 | കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷിച്ചിട്ടും അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ വീഴ്ച. | 1-44 |
| 46 | റൂറൽ ഹൗസിംഗ് പ്രോജക്ട് - തനത് ഫണ്ട് ഉപയോഗിച്ച് പലിശ ബാധ്യത യഥാസമയം തിരിച്ചടക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ബാധ്യത | 1-45 |
| 47 | വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽക്കിയത്- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-46 |
| 48 | ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ മുഖേനയുള്ള പരിശോധന | 1-47 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പിരിച്ചുവിട്ട ജീവനക്കാരന് ഉപജീവനബത്ത നൽകിയത് ക്രമവിരുദ്ധം | 3-1 |
| 2 | സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാലും കൺസോളിഡേഷൻ കുറക്കാത്തതിനാലും അധികച്ചെലവ് . | 3-2 |
| 3 | ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് പമ്പ്സെറ്റ് അനുവദിച്ചു | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statement | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

17.02.2021തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 17.03.2022തീയതിയിലെ 6/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | യഥാർത്ഥ ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 27,36,680 | 27,36,680 |
| വരവ് | 35,62,62,760 | 39,00,34,903 |
| ആകെ | 35,89,99,440 | 39,27,71,583 |
| ചെലവ് | 35,66,81,260 | 39,04,53,403 |
| നീക്കിബാക്കി | 23,18,180 | 23,18,180 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2022 | 27/08/2022 | 04/08/2022 | 04/08/2022 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24,56,562 |
| വരവ് | 22,44,77,989 |
| ആകെ | 24,90,24,551 |
| ചെലവ് | 22,65,13,102 |
| നീക്കിയിരിപ്പ് | 2,25,11,449 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 4,95,74,000 | 4,95,74,000 | 4,80,48,269 | 15,25,731 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 15,10,000 | 15,10,000 | 15,01,586 | 8,414 |
| വികസന | | 3,70,92,031 | 3,70,92,031 | 3,51,35,683 | 19,56,348 |

| | | | | |
|---|---|---|---|---|
| ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 2,17,56,000 | 2,17,56,000 | 2,03,54,578 | 14,01,422 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 1,09,10,387 | 1,09,10,387 | 85,66,013 | 23,44,374 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 2,80,26,269 | 2,80,26,269 | 1,56,25,937 | 1,01,97,093 |

വാർഷിക കണക്കുകളോടൊപ്പം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വിശദമായ പരിശോധന സാധിച്ചിട്ടില്ല.

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ.23.01.21 പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ 2021-22 ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.വികസനഫണ്ട് ജനറൽ, വികസനഫണ്ട് ടി.എസ്.പി,വികസനഫണ്ട് എസ്.സി.പി എന്നിവയുടെ ചെലവ് ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരമുള്ള ചെലവ്, ACR പ്രകാരമുള്ള ചെലവ് എന്നിവയും പൊരുത്തപ്പെടുന്നില്ല. ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുന്ന തുകകൾ പഞ്ചായത്തിന്റെ ചെലവ് ആയി ചേർക്കാത്തതാണ് കാരണം.

2.കേന്ദ്രാവിഷ്കൃതഫണ്ട്, സംസ്ഥാനാവിഷ്കൃതഫണ്ട് എന്നീ ഫണ്ടുകളുടെ കാര്യത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ്, വരവ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താതെ ചെലവ് മാത്രം രേഖപ്പെടുത്തിയതിനാൽ നീക്കിയിരിപ്പ് മൈനസ് ആയി കാണുന്നു.

3.വാർഷികകണക്കുകളോടൊപ്പം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

4.ILGMS സോഫ്റ്റ് വെയറിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് കാണുന്നതിനോ ,പരിശോധിക്കുന്നതിനോ കഴിയുന്നില്ല.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ സോഫ്റ്റ് എന്നിവ തമ്മിൽ ചെലവ് സംബന്ധിച്ച താരതമ്യ പട്ടിക ചുവടെ ചേർക്കുന്നു

| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | | | സുലേഖ ചെലവ് പത്രിക | | |
|---|---|---|---|---|---|---|
| ഫണ്ടിനം | വരവ് | ചെലവ് | ബാലൻസ് | വരവ് | ചെലവ് | ബാലൻസ് |
| വികസനഫണ്ട് | 44279604 | 48048269 | 3768665 | 49574000 | 48048269 | 1515731 |
| എസ്.സി.പി | 1420221 | 1501586 | -81365 | 1510000 | 1501586 | 8414 |
| ടി.എസ്.പി | 34876673 | 35135683 | -259010 | 39038914 | 35135683 | 3903231 |
| CSS | 0 | 3445398 | -3445398 | 8095800 | 3445398 | 4650402 |
| SSS | 0 | 39863333 | -39863333 | 48048269 | 39863333 | 8222027 |
| MG (Road) | 21756000 | 20354578 | 1401422 | 21756000 | 20354578 | 1401422 |

| | | | | | | |
|---|---|---|---|---|---|---|
| MG(Non Road) | 10910387 | 8566013 | 2344374 | 10910387 | 8566013 | 2344374 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 278 | 242203826 | 218 | 188348301 | | 60 | 78.41 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ അടിസ്ഥാനത്തിലുള്ള ചെലവ് വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 7755729 | 6979054 | 89.98 |
| വെറ്ററിനറി സർജ്ജൻ | 16 | 15 | 11369000 | 7352028 | 64.66 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 4 | 4 | 1256119 | 993930 | 79.12 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ ആയർവേദം | 2 | 2 | 1086947 | 1086947 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 737430 | 160410 | 21.75 |
| വി ഇ ഒ | 24 | 21 | 81769197 | 66957500 | 81.88 |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 6 | 6 | 9573400 | 7673852 | 80.15 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 35 | 14 | 37966990 | 26237950 | 69.10 |
| ഹെഡ് മാസ്റ്റർ | 13 | 13 | 13510433 | 6713452 | 49.69 |
| അസി.എഞ്ചിനീയർ | 137 | 122 | 70719201 | 58308933 | 82.45 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 3000000 | 3000000 | 100 |
| അസി.സെക്രട്ടറി | 8 | 8 | 3159380 | 2584245 | 81.79 |
| ആകെ | 278 | 218 | | | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1813570 | 773380 | 2586950 | 2545256 | 41694 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 69551875 | 69551875 | 69551875 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് സംസ്ഥാന വിഹിതം | | 958000 | 958000 | 958000 | |
| സാധന ഘടകം | | 10427131 | 10427131 | 10427131 | |

തൊഴിലുറപ്പ് വരവ് ചെലവ് കണക്കുകൾ വാർഷിക കണക്ക്, സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3,794,800 | 238 |
| വിധവാപെൻഷൻ | 29,666,600 | 1,951 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 29,856,000 | 2,109 |
| വികലാംഗപെൻഷൻ | 5,668,100 | 374 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,09,600 | 40 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 1,80,00 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5500രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ യോഗം ഇടവേളകളിൽ വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തുന്നുണ്ട്.ഓഫീസ് ഓർഡർ മുഖേന സെക്ഷനുകളുടെ ചുമതലകൾ ജീവനക്കാരെ ഏൽപ്പിച്ച് ഒരോ സെക്ഷനും നിർവഹിക്കേണ്ട ജോലികൾ സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കുകയും ആയത് കാര്യക്ഷമമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. എന്നിരുന്നാലും വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് മേലധികാരികൾ ഉറപ്പ് വരുത്തേണ്ടതുണ്ട്. പല രജിസ്റ്ററുകളുടെയും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടകൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.11.2022 മുതൽ 25.11.2022 വരെ | 01.04.2022 മുതൽ 30.09.2022 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.06.2014 മുതൽ 08.07.2014 | 2013-14 | 05.09.2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1.മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ടെണ്ടർ ഫോമുകൾ ലഭിച്ചത് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി, അസി. എഞ്ചിനീയർ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് വിതരണം നടത്തുന്നത് നമ്പർ രേഖപ്പെടുത്തി ആയത് പ്രകാരമല്ല. പ്രസ്തുത ഉദ്യോഗസ്ഥർക്ക് വിതരണം നടത്തുന്ന ടെണ്ടർ ഫോറങ്ങൾ ഓരോരുത്തരും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ വിനിയോഗിക്കാതെ ബാക്കിയുള്ളവ സെക്രട്ടറിക്ക് തിരിച്ചു നൽകുന്നില്ല. ടെണ്ടർ ഫോറം വിൽപ്പനയിലൂടെ ലഭിക്കുന്ന തുകയുടെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല.

3.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

4. ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 13,147,650 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഇല്ലാത്ത ആസ്തി ഉൾപ്പെടുത്തുന്നത് മൂലം വാർഷിക കണക്കിൽ ആസ്തി ബാധ്യത കണക്കുകൾ കൃത്യമായി പ്രതിഫലിക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ സബ്സിഡി നൽകുന്നതിനായി വായ്പയായി ലഭിച്ച തുക ആസ്തിയിൽ ഉൾപ്പെടുത്തുന്ന തെറ്റായ അക്കൗണ്ടിംഗ് രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഇത് ഗ്രാമ പഞ്ചായത്തിന്റെ യഥാർത്ഥ സ്ഥിതി വ്യക്തമാക്കുന്നതിന് വിഘാതമാണ്.

5. (A)തൊഴിൽ നികുതി രജിസ്റ്റർ ( എംപ്ലോയീസ്) വരവ് സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| രജിസ്റ്റർ പ്രകാരം | | | വാർഷിക കണക്കുകൾ പ്രകാരം | | |
|---|---|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 1667200 | 1667200 | 0 | 1667200 | 1650450 | 0 |

എന്നാൽ യഥാർത്ഥ വരവും ഡിമാന്റും തമ്മിൽ 16750 രൂപയുടെ വ്യതാസം കാണുന്നു.

(B) കെട്ടിട വാടക

ഡിമാന്റ് കളക്ഷൻ ബാലൻസ് വാർഷിക കണക്കിലെ തുകയും സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിവരം പട്ടികയിൽ ചുവടെ ചേർക്കുന്നു

| രജിസ്റ്റർ പ്രകാരം | | | വാർഷിക കണക്കുകൾ പ്രകാരം | | |
|---|---|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 797497 | 681460 | 116037 | 797497 | 662538 | 116037 |

വാർഷിക കണക്കിലെ കളക്ഷൻ + നീക്കിയിരിപ്പ് എന്നിവ കൂട്ടിയാൽ ഡിമാന്റുമായി 18922 രൂപയുടെ വ്യത്യാസം ഉണ്ട്.

6.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B5 Secured Loans – ബാധ്യത തിട്ടപ്പെടുത്തുന്നതിനാവശ്യമായ രജിസ്റ്റർ കൃത്യത ഉറപ്പ് വരുത്തി സൂക്ഷിച്ചിട്ടില്ല. തൻവർഷം വായ്പ ഇനത്തിൽ 7,547,950 രൂപ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ (ആർ.പി 31) 4,930,658 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ വായ്പ തിരിച്ചടവ് ബാക്കി തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയത് കൃത്യമല്ല.

7.വാർഷിക കണക്കുകളോടൊപ്പം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്തതിനാൽ ഇത് സംബന്ധിച്ച വിശദമായ പരിശോധന സാധ്യമായിട്ടില്ല.

8.വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

9.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

10.സെക്യേർഡ് ലോൺ . സോഴ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്യുന്നതായി കാണുന്നില്ല.

11. RP 45 (P) പ്രകാരം 6,176,700ആസ്തി ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

12.ഹഡ്കോ ഭവന വായ്പ പദ്ധതി വായ്പ തുക ലഭിച്ചത് സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

13. ഹഡ്കോ ഭവന വായ്പ പദ്ധതി ബാധ്യതയായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സംസ്ഥാന സർക്കാർ വായ്പ തിരിച്ചടവിനായി ഉറവിട ഫണ്ടിൽ നിന്നും കുറവ് വരുത്തുന്ന തുകയാണ്. ഇത് യഥാർത്ഥത്തിൽ വായ്പ ബാധ്യതയിൽ നിന്നും കുറവ് വരുത്തേണ്ട തുകയാണ്. യഥാർത്ഥ ബാധ്യത എത്രയെന്ന് കണ്ടെത്തുന്നതിന് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. യഥാർത്ഥ ബാധ്യത വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

14.നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള ചെലവ് സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിൽ റിപ്പോർട്ട് രൂപത്തിൽ ലഭ്യമല്ല.

15. അക്രൂവൽ അടിസ്ഥാനത്തിലുള്ള വിവിധ വരവുകളുടെ ഡിമാന്റ് നടത്തിയിരിക്കുന്നത് സാമ്പത്തിക വർഷം അവസാനമാണ്.

16. ബി.4, ബി17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

17.ബി.11 ഷെഡ്യൂൾ പ്രകാരം Other Fixed Assets. 3,059,790 രൂപ മൂല്യം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്തികളുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

18. വാർഷിക കണക്കിലെ കണക്കുകൾ സാധൂകരിക്കുന്നതിനാവശ്യമായ പല രേഖകളും ഓഡിറ്റിനായി ഹാജരാക്കാൻ സാധിച്ചിട്ടില്ല. ഉദാ- I-18 ഷെഡ്യൂൾ പ്രകാരമുള്ള തുക. ബി.16 ഷെഡ്യൂളിലെ തുക. ആയതിനാൽ തന്നെ വാർഷിക കണക്കിലെ കൃത്യത സംബന്ധിച്ച് അഭിപ്രായം പ്രസ്താവിക്കുന്നത് സാധ്യമല്ല.

19. വിവിധ പദ്ധതികൾക്കായി ലഭിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കുന്നത്. ഉദാഹരണമായി ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക ശുചിത്വമിഷൻ ഫണ്ട് തുടങ്ങിയവ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ ഓരോ ഇനത്തിനും ലഭിക്കുന്ന തുക പ്രത്യേകം അക്കൗണ്ടുകളിൽ നിക്ഷേപിക്കേണ്ടതാണ്.

20.വസ്തു നികുതി വാർഷിക കണക്കിലെ തുകകളും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലോക്ക് വിവരങ്ങൾ രേഖപ്പെടുത്തിയതിന്, അസസ്മെന്റ് രജിസ്റ്ററിലെ വിവരങ്ങൾ കൃത്യത ഉറപ്പ് വരുത്തി അംഗീകാരം വാങ്ങിയിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയർ മുഖേന വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ ആയത് വരെയുള്ള ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നവയുടെ വിവരങ്ങൾ അസസ് മെന്റ് രജിസ്റ്ററിലെയും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ കൃത്യമാണ് എന്നതിന് അംഗീകാരം വാങ്ങിയിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയറിലെ വസ്തു നികുതി സംബന്ധിച്ച അംഗീകാരം നേടാത്ത ഡാറ്റകളുടെ അടിസ്ഥാനത്തിൽ തന്നെയാണ് ILGMS സോഫ്റ്റ് വെയറിലും ഡിമാന്റ് ആയി ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവരങ്ങൾ അടങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല.

2021-22 വാർഷിക കണക്ക് പ്രകാരം വസ്തു നികുതി വിവരങ്ങൾ

ഗാർഹിക കെട്ടിടങ്ങളുടെ വിവരം

| സഞ്ചയ പ്രകാരം | | | വാർഷിക കണക്കുകൾ പ്രകാരം | | |
|---|---|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| തൻവർഷം | | | | | |
| 727333 | 681907 | 34559 | 727333 | 692974 | 34515 |
| കുടിശ്ശിക | | | | | |
| 17231 | 13040 | 4718 | 0 | 669 | 0 |

ഗാർഹികേതര കെട്ടിടങ്ങളുടെ വിവരം

| സഞ്ചയ പ്രകാരം | | | വാർഷിക കണക്കുകൾ പ്രകാരം | | |
|---|---|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| തൻവർഷം | | | | | |
| 4046121 | 3599785 | 413363 | 4046121 | 3640192 | 434099 |
| കുടിശ്ശിക | | | | | |
| 638603 | 263434 | 375188 | 572448 | 307294 | 266458 |

മേൽ പ്രകാരമുള്ള ഡിമാന്റ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 31.03.2022 തീയതിയിലാണ്. ഡിമാന്റ് ചെയ്യാതെ തന്നെ നികുതി ഈടാക്കാൻ സാധിക്കുന്നത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. യഥാർത്ഥ ഡിമാന്റ് കളക്ഷൻ ബാലൻസ് സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിൽ പ്രതിഫലിക്കാത്തത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

21.താഴെപ്പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ബാങ്ക് അക്കൗണ്ട് നം | RP40(b) പ്രകാരം തുക |
|---|---|---|
| 1 | Other Co-operative Bank (7873) | 454 |
| 2 | 718041400000006 | 1097900 |
| 3 | Co-Operative Bandk Account Of Own Fund Revenue | 375410 |

മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിശദ വിവരങ്ങൾ അടങ്ങിയ കുറിപ്പുകൾ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല.

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വസ്തുനികുതി പിരിവ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്തതായി കാണുന്നില്ല.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ |
| 688783 | 5014207 | 5702990 | 290341 | 4498112 | 4788453 | 398442 | 516095 | 914537 |

പിരിച്ചെടുക്കാനുള്ള തുകയുടെ 84% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്.ഓഡിറ്റ് എൻക്വയറി നം.21/21-22/11.01.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ കുടിശ്ശികയുള്ള തുക പിരിച്ചെടുക്കുന്നതിന് റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചതായും തുക പിരിച്ചെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.വസ്തുനികുതി കുടിശ്ശികയടക്കം പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി ഡിമാന്റിൽ കുറവ് വസ്തുനികുതി ഡിമാന്റിൽ കുറവ്

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-21,2021-22 വർഷത്തെ വസ്തുനികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ വസ്തുനികുതി(റസിഡെൻഷ്യൽ) ഡിമാന്റ് ചെയ്തതിൽ കുറവ് വന്നതായി കണ്ടു.

AFS പ്രകാരമുള്ള ഡിമാന്റ്

| 2020-21 ലെ ഡിമാന്റ് | 2021-22 ലെ ഡിമാന്റ് | വ്യത്യാസം |
|---|---|---|
| 1136890 | 727333 | 409557 |

വസ്തുനികുതി ഡിമാന്റിൽ വന്ന വ്യത്യാസം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.22/21-22/11.01.23 പ്രകാരം വിവരംശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-14 മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും നികുതി നിർണ്ണയിച്ചിട്ടില്ല.

മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. 14.01.2011-ലെ സ.ഉ(അ)നം.17/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച വിജ്ഞാപനം പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 18.11.2019-ലെ സ.ഉ(അ)നം.82/2019/തസ്വഭവ പ്രകാരം 2006-ലെ മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും 08.09.20120-ലെ സ.ഉ(അ)നം.52/2020/തസ്വഭവ പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും ബാധകമായ നികുതി നിരക്കുകളുടെ പരിധികൾ കൂട്ടിച്ചേർത്ത് വിജ്ഞാപനം ചെയ്തിരുന്നു.

എന്നാൽ മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും പഞ്ചായത്ത് പ്രദേശത്ത് ബാധകമായ നികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.കൂടാതെ വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം , കാൻറീൻ,വർക്ക്ഷോപ്പ് എന്നിവയുടെ നികുതിയും നിർണ്ണയിച്ച് സഞ്ചയസോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.ഓഡിറ്റ് എൻക്വയറി.നം. 25/21-22തീയതി 12.01.23 പ്രകാരം വിവരംശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-15 വസ്തുനികുതികുടിശ്ശിക -സസ്പെക്ടഡ് ഡിമാന്റ് ആയി നിർത്തിയിരിക്കുന്ന തുകകൾ ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയറിൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2015-16 രണ്ടാം അർദ്ധവർഷം വരെയുള്ള 1099 ഡിമാന്റുകൾ സസ്പെക്ടഡ് ഡിമാന്റായി മാറ്റി നിർത്തിയതായി കാണുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതിദായകർ ഏതെങ്കിലും അർദ്ധവർഷത്തെ നികുതി അടവാക്കിയത് സംബന്ധിച്ച് സംശയം നിലനിൽക്കുന്ന സാഹചര്യത്തിൽ താൽകാലികമായി മേൽ അർദ്ധവർഷത്തെ നികുതി ഡിമാന്റ് സസ്പെക്ടഡ് ഡിമാന്റായി മാറ്റി നിർത്താവുന്നതും മേൽ വിഷയത്തിൽ അന്വേഷണം നടത്തി ഉടൻ തന്നെ വ്യക്തത വരുത്തി

ബന്ധപ്പെട്ടവർ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ രസിത് വിവരങ്ങൾ ചേർക്കേണ്ടതും അല്ലാത്ത പക്ഷം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. ഇത്രയും ഡിമാന്റുകൾ സസ്പെക്റ്റഡ് ഡിമാന്റാക്കി മാറ്റിയതിൽ അന്വേഷണം നടത്തി നികുതി അടവാക്കിയതിൽ വ്യക്തത വരുത്തേണ്ടതുണ്ട്.ഓഡിറ്റ് എൻക്വയറി.നം. 24/21-22തീയതി 12.01.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. സസ്പെക്റ്റഡ് കാലയളവിൽ ഇവരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കാൽവരി എസ്റ്റേറ്റ് പനവല്ലി | I , II |
| 2 | പെപ്പർഗ്രീൻ റിസോർട്ട് ,ബാവലി | I , II |
| 3 | വുഡ് ലാന്റ് എസ്റ്റേറ്റ് ,<br>ചേലൂർ,കാട്ടിക്കുളം | I , II |
| 4 | ബാർഗിരി എ.ബി.സി.എസ്റ്റേറ്റ്,തോൽപ്പെട്ടി | I , II |
| 5 | വൈൽഡ് ലൈഫ് റിസോർട്ട് ,തോൽപ്പെട്ടി | I , II |
| 6 | ക്രിയേറ്റീവ് ഡൈഗിൻസ് ,കാട്ടിക്കുളം | I , II |
| 7 | പെശാർക്ക് റിസോർട്ട്,അമ്മാനി,കാട്ടിക്കുളം | I , II |
| 8 | റിവറൻ സർവീസ് വില്ല,നെട്ടറ,തിരുനെല്ലി അമ്പലം | I , II |
| 9 | തെന്നൽ ജംഗിൾ ക്യാമ്പ്,എടക്കോട്,രണ്ടാം ഗേറ്റ് | I , II |
| 10 | മയൂഖം റിസോർട്ട്,തിരുനെല്ലി അമ്പലം | I , II |
| 11 | വയനാട് ഗേറ്റ് റിസോർട്ട്,കാട്ടിക്കുളം | I , II |
| 12 | പെപ്പർ ഗാർഡൻ ഹോംസ്റ്റേ | I , II |
| 13 | കുമൻകൊല്ലി സർവീസ് വില്ല | I , II |
| 14 | വട്ടക്കുന്ന് വൈൽഡ് ഓർക്കിഡ് ക്വോർട്ടേഴ്സ് | II |
| 15 | ആദിവാസി വംശീയ ചികിൽസാകേന്ദ്രം | II |
| 16 | ബ്രഹ്മഗിരി ബി എസ്റ്റേറ്റ്,തോൽപ്പെട്ടി | II |
| 17 | ബഡ്സ് സ്കൂൾ ,തൃശ്ശിലേരി | II |

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഈ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉള്ളതായി കാണുന്നു. ഓഡിറ്റിന് ഹാജരാക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് പൂർണ്ണമല്ല.ലിസ്റ്റിൽ ഉൾപ്പെടാത്ത പല സ്ഥാപനങ്ങളും തൊഴിൽ നികുതി അടച്ചിട്ടുണ്ട്.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. അതുപ്രകാരം വ്യവസായ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 19 /21-22/11.01.23പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-17 സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല .

സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല .

തിരുനെല്ലി പഞ്ചായത്തിൽ 2021-22വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽനികുതി അടച്ചതായി കാണുന്നില്ല.സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ഈടാക്കേണ്ട തുക(I & II അർദ്ധവർഷം) |
|---|---|---|
| 1 | വയനാട് ഹാൻഡ് ലൂം പവർലൂംപർപ്പസ് സഹകരണസംഘം | 2500 |
| 2 | പിവീസ് പ്ലാന്റേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | 2500 |
| 3 | കാർമ്മൽനിവാസ് എസ്റ്റേറ്റ് കാട്ടിക്കുളം | 2500 |
| 4 | വട്ടക്കുന്ന് വൈൽഡ്ഓർക്കിഡ് ക്വോർട്ടേഴ്സ് | 2500 |
| 5 | ബ്രഹ്മഗിരി ബി എസ്റ്റേറ്റ് തോൽപ്പെട്ടി | 2500 |
| 6 | തിരുനെല്ലി പട്ടികവർഗ്ഗസഹകരണസംഘം | 2500 |
| 7 | കെ.എസ്.ഇ.ബി.കാട്ടിക്കുളം | 2500 |

ഓഡിറ്റ് എൻക്വയറി നം. 18 /21-22/11.01.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് ഈ സ്ഥാപനങ്ങളുടെ നികുതി പിരിച്ചെടുത്തതായി അറിയിച്ചിട്ടില്ല.മേൽ സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കി രശീതി സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 റേഷൻകടകളുടെ തൊഴിൽനികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ആകെ പതിനൊന്ന് റേഷൻകടകൾ ഉണ്ടെങ്കിലും ആയതിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.20/21-22/11.01.23പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.ആയതിന്റെ അടിസ്ഥാനത്തിൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയില്ല..

തിരുനെല്ലി പഞ്ചായത്തിൽ 2021-22 വർഷത്തിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.കരാറുകാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ഈടാക്കേണ്ട തുക(I & II അർദ്ധവർഷം) |
|---|---|---|
| 1 | മണി കെ.എസ് | 2500 |
| 2 | മുജീബ് എച്ച് | 2500 |
| 3 | ബിനു പി. മാത്യു | 2500 |
| 4 | സജാർ എ | 2500 |
| 5 | വിയു.മത്തായി | 2500 |
| 6 | അസ്ഹറുദ്ദീൻ.കെ | 2500 |
| 7 | ബിബിൻ വർഗ്ഗീസ് | 2500 |
| 8 | കെ.മുഹമ്മദ് | 2500 |
| 9 | ആദർശ്.പി.എ | 2500 |
| 10 | അബ്ദുൾ നാസർ | 2500 |
| 11 | മഹേഷ്.കെ.ആർ | 2500 |
| 12 | അഷ്ക്കർ അലി | 2500 |
| 13 | കെ.വി തോമസ് | 2500 |
| 14 | സ്റ്റീഫൻ പി.എം | 2500 |
| 15 | ഇ.വി അവറാച്ചൻ | 2500 |
| 16 | എ.യു ജോഷി | 2500 |
| 17 | തവിഞ്ഞാൽ ഇഷ്ടിക മണൽ തൊഴിലാളി സഹകരണ സംഘം | 2500 |
| 18 | അമ്മദ്.എം.കെ | 2500 |

ഓഡിറ്റ് എൻക്വയറി നം. 17/21-22/11.01.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി രശീതി സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 കറവപ്പശു വിതരണം-ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നല്കി

- പ്രോജക്ട് നമ്പർ-139/21-22
- പ്രോജക്ട്-കറവപ്പശു വിതരണം
- അടങ്കൽ-577500/-
- ചെലവ്-577500/-
- ഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം
- നിർവ്വഹണഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പദ്ധതിയുടെ നിർവ്വഹണത്തിൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയിട്ടുണ്ട്.

| ഗുണഭോക്താവ് | ഉരുവിനെ നല്കിയ ആൾ | നല്കിയ ധനസഹായം | ബിൽ നമ്പർ തിയ്യതി |
|---|---|---|---|
| ലക്ഷ്മി | വിപിൻപൗലോസ് | 27500 | 8725/30-3-2022 |
| മനോജ് | രാമചന്ദ്രൻ | 27500 | 8725/30-3-22 |
| അഗസ്റ്റിൻ എ.പി | ജോസഫ് ടി എഫ് | 27500 | 1691/30-3-22 |
| ഹൈപ്പ് മകൻ | വിൽസൺ | 27500 | 1691/30-3-22 |
| | ആകെ | 110000/- | |

ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടാത്ത മേൽ ഗുണഭോക്താക്കൾക്ക് 2-3-2022 തിയ്യതിയിലെ അടിയന്തിരയോഗത്തിലെ തീരുമാന നമ്പർ 1(19)പ്രകാരമാണ് 7ാം വാർഡിലെ മേൽ ഗുണഭോക്താക്കൾക്ക് തുക നല്കിയത് .ഗ്രാമസഭാമിനിട്സ് ഹാജരാക്കാത്തതിനാൽ ഇവരെ തെരഞ്ഞെടുത്തത് അടുത്ത ഗ്രാമസഭയിൽ സാധൂകരിച്ചിട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചില്ല.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണ്.ആയത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 33/21-22/13-1-23 ക്ക് മറുപടി ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.

## 1-21 ക്ഷീരകർഷകർക്ക് റബ്ബർമാറ്റ് വിതരണം-പദ്ധതി മാർഗ്ഗവിരുദ്ധമായി ധനസഹായം നല്കി

- പ്രോജക്ട് നമ്പർ-156/21-22
- പ്രോജക്ട്-ക്ഷീരകർഷകർക്ക് റബ്ബർമാറ്റ് വിതരണം
- അടങ്കൽ-100000/-
- ചെലവ്-99996/-
- ഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം
- നിർവ്വഹണഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

ഈ പദ്ധതിയിൽ മാർഗ്ഗരേഖ പ്രകാരം അഞ്ചോ അതിലധികമോ ഉരുക്കളുള്ള ഗുണഭോക്താക്കൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട് .ആയതുമായി ബന്ധപ്പെട്ട് ആകെത്തുകയായ 2500/- രൂപയുടെ പകുതി വിലയായ 1250/-ക്കാണ് ടെണ്ടർ മുഖേനെ മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷനിൽ നിന്ന് വാങ്ങി 78ഗുണഭോക്താക്കൾക്ക് നല്കിയത്.എന്നാൽ റബ്ബർമാറ്റ് നല്കിയ ഗുണഭോക്താക്കൾ പദ്ധതി മാർഗ്ഗരേഖപ്രകാരം അഞ്ചോ അതിലധികമോ ഉരുക്കൾ ഉള്ളവരാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണ്.ആയത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 3/21-22/13-1-23 ക്ക്

മറുപടി ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.

## 1-22 കമ്മ്യൂണിറ്റി മാത്ത് ലാബ് : പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമല്ല

- പ്രോജക്ട് നമ്പർ-26/21-22
- പ്രോജക്ട്-കമ്മ്യൂണിറ്റി മാത്ത് ലാബ്(മഞ്ചാടി കൂടാരം)
- അടങ്കൽ-100000/-
- ചെലവ്-41100/-
- ഫണ്ട്-തനത് ഫണ്ട്
- നിർവ്വഹണഉദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ താഴെ പ്പറയും പ്രകാരമുള്ള അപാകത കാണുന്നു.

*പ്രോജക്ടിന്റെ ലക്ഷ്യമായി പറയുന്നത് കമ്മ്യൂണിറ്റി മാത്ത് ലാബിലെ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണവും കെട്ടിടവാടക നല്കുന്നതിനുമുള്ള പദ്ധതിക്കായി 100000/-രൂപ വകയിരുത്തുന്നതായാണ് പ്രോജക്ട് എന്ന് മാത്രമാണ്.പ്രോജക്ടിന്റെ നിർവ്വഹണരീതി എങ്ങനെയെന്നൊ ,ആരെ ,എന്തിനെ ഉദ്ദേശിച്ചുള്ളതാണന്നോ എന്നതിന്റെ വിവരങ്ങൾ പ്രോജക്ടിന്റെ വിവരണത്തിൽ രേഖപ്പെടുത്തിയിട്ടില്ല.വർക്കിങ്ങ് ഗ്രൂപ്പ് പരിശോധനയിൽ മഞ്ചാടി കൂടാരം പദ്ധതിയുടെ പ്രവർത്തനം നിലവിൽ നടക്കുന്നില്ലെന്നും ഗ്രൂപ്പംഗങ്ങൾ പ്രസ്തുത സ്ഥാപനം സന്ദർശിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും പറയുന്നു.ആയതിന്റെ റിപ്പോർട്ട് ഓഡിറ്റ് തിയ്യതി വരെ പുറപ്പെടുവിച്ചിട്ടില്ല.കൂടാതെ ഫയലിൽ പദ്ധതിയുടെ പരിശീലനമോഡ്യൂൾ ഇല്ല.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണ്.ആയത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 34/21-22/13-1-23 ക്ക് മറുപടി ലഭ്യമാക്കിയ മറുപടിയിൽ മാത്ത് ലാബുമായി ബന്ധപ്പെട്ട വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കി. വർക്കിങ്ങ് ഗ്രൂപ്പ് ഈ പ്രോജക്ടിന്റെ നിർവ്വഹണം പരിശോധിച്ച റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-23 സമ്പൂർണ്ണ ആദിവാസി സാക്ഷരത-ഫലപ്രാപ്തി വിവരങ്ങൾ ലഭ്യമല്ല

- പ്രോജക്ട് നമ്പർ-28/21-22
- പ്രോജക്ട്-സമ്പൂർണ്ണ ആദിവാസി സാക്ഷരത
- അടങ്കൽ-645650/-
- ചെലവ്-645650/-
- ഫണ്ട്-വികസന ഫണ്ട് ടി എസ് പി
- നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

പ്രോജക്ടിന്റെ നിർവ്വഹണത്തിൽ 81അദ്ധ്യാപകർക്ക് പ്രതിഫലമായി 3000/-രൂപ വച്ച് 243000/- രൂപ നല്കിയിട്ടുണ്ട്(ബിൽ നമ്പർ 4/18-2-2022). സ.ഉ.(സാധാ)നം 1566/2021/തസ്വഭവ തിരുവനന്തപുരം തി.13-8-2021പ്രകാരം പുറത്തിറക്കിയ തദ്ദേശസ്വയംഭരണവകുപ്പിന്റെ ഉത്തരവിൽ ഇതിൽ വകയിരുത്തുന്ന തുക പഠനോപകരണങ്ങൾ,ഇൻസ്ട്രക്ടർമാരുടെ ഓണറേറിയം,വിവിധപരിശീലനങ്ങൾ,മോണിട്ടറിങ്ങ്,പഠിതാക്കൾക്ക് ലഘുഭക്ഷണം,ശില്പശാലകൾ,ക്ലാസ് ഒരുക്കൽ,പഠിതാക്കളുടെ സംഗമം എന്നിവയ്ക്ക് ഉപയോഗിക്കാൻ അനുമതി നല്കിയിട്ടുണ്ട്.ആയതു പ്രകാരം മോണിട്ടറിങ്ങിന് താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| തുക | കൈപ്പറ്റിയ വ്യക്തി | ബിൽ നമ്പർ/തിയ്യതി |
|---|---|---|
| 18000/- | ഷീന .എം.കെ | 5/18-2-2022 |
| 18000/- | ശ്രീജ.എം.ബി | |
| 18000/- | നൗഫൽ.യു | |
| 6000/- | മുരുകേശൻ | |
| 6000/- | വി.ശശിധരൻ | |

| | | |
|---|---|---|
| 66000/- | | |

എന്നാൽ മോണിട്ടറിങ്ങ് ഇനത്തിൽ തുക കൈപ്പറ്റിയെങ്കിലും ഈ പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ പങ്കെടുത്തു,ഇവർ പരീക്ഷക്ക് എൻറോൾ ചെയ്തിട്ടുണ്ടോ,പഠിതാക്കളുടെ പഠനനിലവാരം,നിലവിലെ സ്ഥിതി എന്നിവ പരിശോധനക്ക് വിധേയമാക്കി റിപ്പോർട്ട് ചെയ്തിട്ടില്ല.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണ്.ആയത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 34/21-22/13-1-23 ക്ക് മറുപടി ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.

## 1-24 പച്ചക്കറി കൃഷി കുടുംബശ്രീ മുഖേനെ-കൈപ്പറ്റ് രേഖയില്ല

പ്രോജക്റ്റ് നമ്പർ-50/21-22

പ്രോജക്റ്റ്-പച്ചക്കറി കൃഷി കുടുംബശ്രീ മുഖേനെ(വനിത)

അടങ്കൽ-200000/-

ചെലവ്-200000/-

ബിൽ നമ്പർ-8/1-12-2021

ഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം

നിർവ്വഹണഉദ്യോഗസ്ഥൻ-കൃഷിഓഫീസർ

പദ്ധതിയുടെ നിർവ്വഹണത്തിൽ 26667 എണ്ണം വീതമുള്ള തക്കാളി,പച്ചമുളക്,വഴുതന,കാബേജ് ,കോളിഫ്ളവർ തൈകൾ ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റിയിൽ നിന്ന് വാങ്ങി കുടുംബശ്രീയൂണിറ്റുകൾക്ക് വിതരണം ചെയ്തു.എന്നാൽ കൈപ്പറ്റ് രശീതുകൾ പരിശോധിച്ചതിൽ വാർഡ് നമ്പർ7,8,17 ന്റെ ചുമതലക്കാരായ സ്മിത ബാബു,റുസിയസൈനുദ്ധീൻ,മുത്തുമാരി ചന്ദ്രിക എന്നിവർ തൈകൾ കൈപ്പറ്റിയതായി രേഖയില്ല.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 28/21-22/13-1-23 ക്ക് മറുപടി ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.

## 1-25 ലൈഫ് ഭവന പദ്ധതി- മുൻകൂർ കൈപ്പറ്റിയിട്ടും പ്രവൃത്തി തുടങ്ങാത്തവരിൽ നിന്ന് തുക ഈടാക്കിയില്ല

പ്രോജക്റ്റ് നമ്പർ-148/21-22

പ്രോജക്റ്റ്-ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം

അടങ്കൽ-61809899/-

ചെലവ്-54970000/-

ഫണ്ട്-ടി എസ് പി

നിർവ്വഹണഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

സാമ്പത്തികവർഷത്തിൽ പുതുതായി ലൈഫ് മിഷൻ പദ്ധതിയുടെ തെരഞ്ഞെടുക്കപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡുവും പിന്നീടുള്ള ഗഡുവും കൈപ്പറ്റിയതിന് ശേഷം നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചില്ല.മേൽ ഗുണഭോക്താക്കളിൽ നിന്ന് തുക നിയമാനുസൃതപലിശസഹിതം തിരിച്ചുപിടിക്കുവാനുള്ള നടപടി സ്വീകരിച്ചില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ നമ്പർ/അവസാന ഗഡുകൈപ്പറ്റിയ തിയ്യതി |
|---|---|---|
| ദേവി നെല്ലി | 90000 | 43/29-3-21 |
| ശാരദ.എം | 90000 | 8/8-8-22 |

| | | |
|---|---|---|
| ചന്ദ്രിക സന്തോഷ് | 90000 | 22/3-2-22 |
| ലക്ഷ്മി ബാലൻ | 90000<br>120000 | 45/31-3-22 |
| പത്മിനി | 90000 | 34/26-3-22 |
| വീണ | 90000<br>120000 | 17/17-11-21 |
| സുശീല രാജു | 90000 | 4/7-7-21 |
| ഗിരിജ സുകുമാരൻ | 90000 | 6/26-7-21 |
| സൗമ്യ | 90000 | 6/26-7-21 |
| സിന്ധുമോൾ പരമേശ്വരൻ | 90000<br>120000<br>210000 | 4/26-7-22 |
| ബിന്ദു മധു | 90000 | 162/7-7-21 |
| രുഗ്മിണി | 90000<br>210000 | 36/25-2-21 |
| നിഷ മണികണ്ഠൻ | 90000<br>120000<br>210000 | 4/26-7-22 |
| നിഷ | 90000<br>120000 | 4/26-7-22 |
| കുറുമാട്ടി | 90000 | 34/26-3-22 |
| ശോഭ | 90000 | ബിൽ നമ്പർ,തിയ്യതി എഴുതിയിട്ടില്ല |
| ജാനു | 90000 | 22/12/2018 |
| സുനിത | 90000 | 22/12/2018 |
| ആകെ | 2850000/- | |

കരാർ വ്യവസ്ഥയിൽ മുൻകൂർ കൈപ്പറ്റിയിട്ട് ആറുമാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥചെയ്യുന്നു.മേൽ പട്ടികയിൽ സൂചിപ്പിച്ച എല്ലാവരും തന്നെ ഒരു വർഷമായി മുൻകൂറും അതിനുശേഷമുള്ള തുകയും കൈപ്പറ്റിയിട്ട് നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തവരാണ്.കരാർ ലംഘനം നടത്തിയവരിൽ നിന്ന് നല്കിയ ധനസഹായം പലിശ സഹിതം തിരിച്ചുപിടിക്കണമെന്ന് വ്യവസ്ഥചെയ്യുന്നുണ്ട് .എന്നാൽ നാളിതുവരെ മേൽ വ്യക്തികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുകയോ തുക തിരിച്ചു പിടിക്കുവാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.ആയത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 32/21-22/13-1-23 ക്ക് മറുപടി ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.

## 1-26 വി.ഇ.ഒ യുടെ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുകകൾ സർക്കാരിലേക്ക് തിരിച്ചടച്ചില്ല

ഓഡിറ്റ് വർഷത്തിൽ വി ഇ ഒ യുടെ ക്യാഷ് ബുക്ക്,ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയിൽ 181613രൂപ വി ഇ ഒ യുടെ അക്കൗണ്ടിൽ വർഷാവസാനം ബാക്കിനിൽക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടച്ചില്ല.ആയതിന് വിശദീകരണം നല്കേണ്ടതാണ്.

## 1-27 ബയോബിൻ സ്ഥാപിക്കൽ-പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിശോധന ഇല്ലാതെ സ്ഥാപിച്ചു

പ്രോജക്ട് നമ്പർ-304/21-22

പ്രോജക്ട്-ഉറവിട മാലിന്യസംസ്കരണത്തിനായി ബയോബിൻ സ്ഥാപിക്കൽ

അടങ്കൽ-889200/-

ചെലവ്-889170/-(800253-കേന്ദ്രാവിഷ്കൃത ഫണ്ട്,88917-ഗുണഭോക്തൃ വിഹിതം)

ബിൽ നമ്പർ 424/26-3-22, 491/31-3-22

ഫണ്ട്-കേന്ദ്രാവിഷ്കൃത ഫണ്ട്

നിർവ്വഹണഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ വീടുകളിൽ ബയോബിൻ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടു കൂടി നടപ്പാക്കപ്പെട്ട പദ്ധതിയിൽ താഴെപ്പറയുന്ന 3സ്ഥാപനങ്ങൾ ക്വട്ടേഷൻ നല്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ക്വാട്ട് ചെയ്ത തുക |
|---|---|
| സുധി വേസ്റ്റ് കൺവേർഷൻ യൂണിറ്റ് | 1610/- |
| മരിയ ഹൈജീൻ സൊല്യൂഷൻ യൂണിറ്റ് | 1628/- |
| ഗ്രീൻ വില്ലേജ് യൂണിറ്റ് | 1760/- |

പഞ്ചായത്ത് ഭരണസമിതിയുടെ 1/6 തി.2-3-2022പ്രകാരം മേൽ സ്ഥാപനങ്ങളുമായി കൂടിയാലോചന നടത്തുന്നതിന് പ്രോക്യൂർകമ്മിറ്റിയെ ചുമതലപ്പെടുത്തിയും കുറഞ്ഞ നിരക്കിൽ ബിന്നുകൾ നല്കാൻ തയ്യാറുള്ള സ്ഥാപനത്തിന് ടെണ്ടർ നല്കുന്നതിന് നിർവ്വഹണഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി തീരുമാനിച്ചെങ്കിലും ഫയൽ പരിശോധനയിൽ 1610/-രൂപ ക്വാട്ട്ചെയ്ത സുധിവേസ്റ്റ് കൺവേർഷൻ യൂണിറ്റിന് നല്കാതെ 1628/-രൂപ ക്വാട്ട് ചെയ്ത മരിയ ഗ്രീൻ വില്ലേജിനാണ് കരാർ നല്കിയത്.പ്രോക്യൂർമെന്റ് കമ്മിറ്റിയെ മേൽ പഞ്ചായത്ത് തീരുമാനം പ്രകാരം ഗുണനിലവാരം പരിശോധിക്കുവാനും നെഗോസിയേഷൻ നടത്താനും ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനിട്സ് പരിശോധനയിൽ കമ്മിറ്റി കൂടിയതായി കാണുവാൻ കഴിഞ്ഞില്ല.മിനിട്സ്ബുക്കിലെ പേജ് നമ്പർ 12,14ൽ നാലുപേർ മാത്രം ഒപ്പിട്ടത് മാത്രമാണ് ഉള്ളത്.അജണ്ടയോ തീരുമാനങ്ങളോ ഇല്ല.ഓഡിറ്റ് വർഷത്തിൽ 17 വാർഡുകളിലായി 554ബയോബിന്നുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.ആയത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 32/21-22/13-1-23 ക്ക് മറുപടി ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.

## 1-28 വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം-കരാർചമച്ചിട്ടില്ല

പ്രോജക്ട് നമ്പർ-153/21-22

പ്രോജക്ട്-വനിതാ സംഘങ്ങൾക്ക് തുണിസഞ്ചിയൂണിറ്റിന് ധനസഹായം നല്കൽ

അടങ്കൽ-1000000/-

ചെലവ്-500000/- (ബിൽനമ്പർ-6990/27-3-22-തുക=250000/-

ബിൽ നമ്പർ- 6990/27-3-22-തുക=175000/-

ബിൽ നമ്പർ-450/27-3-22-തുക =75000/-)

ഫണ്ട്-പൊതുവിഭാഗം

നിർവ്വഹണഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഓഡിറ്റ് വർഷത്തിൽ വനിതകൾക്കായി രണ്ടുസ്വയം തൊഴിൽ യൂണിറ്റുകളായ ABSG POULTRY FARM, അന്നപൂർണ്ണേശ്വരി മെസ് എന്നിവ അനുവദിച്ചു.എന്നാൽ ഇവരുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ചമച്ചിട്ടില്ല.ഉടങ്ങുവാനുള്ള അർഹത നിർണ്ണയിച്ച് മോണിട്ടറിങ്ങ് കമ്മിറ്റിയുടെ റിപ്പോർട്ടുണ്ടെങ്കിലും തുടർപ്രവർത്തനങ്ങൾ നിരീക്ഷിക്കപ്പെട്ടിട്ടില്ല.അപാകതക്ക് വിശദീകരണം നല്കേണ്ടതാണ്.ആയത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 32/21-22/13-1-23 ക്ക് ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ നേരിട്ട് വന്ന് അവരുടെ ക്യാഷ്ബുക്ക് ,ബാങ്ക് പാസ്സ്ബുക്ക് എന്നിവ ഹാജരാക്കുകയുണ്ടായി.അതിൽ വരവുകൾ മുഴുവനായി അതിൽ രേഖപ്പെടുത്തി 1000രൂപക്ക് മുകളിലുള്ള പണമിടപാടുകൾ ചെക്ക് മുഖാന്തിരം നല്കി വരുന്ന രീതി അവലംബിക്കുന്നില്ല.കൂടാതെ അംഗങ്ങൾ തന്നെ വായ്പയായി നല്കുന്ന തുക രശീത് മുഖാന്തിരം നല്കുകയും തിരിച്ച നല്കുന്ന മുറയ്ക്ക് വൗച്ചർ ചെയ്യുന്ന രീതിയും അവലംബിക്കുന്നില്ല.അപാകതകൾ പരിഹരിക്കേണ്ടതും കരാർ ചമക്കേണ്ടതുമാണ്.

## 1-29 തുണിസഞ്ചിയൂണിറ്റിന് ധനസഹായം നല്കൽ-കരാർ ചമച്ചിട്ടില്ല

പ്രോജക്ട് നമ്പർ-291/21-22

പ്രോജക്ട്-വനിതാ സംഘങ്ങൾക്ക് തുണിസഞ്ചിയൂണിറ്റിന് ധനസഹായം നല്കൽ

അടങ്കൽ-1000000/-

ചെലവ്-500000/- (ബിൽനമ്പർ-7008/27-3-22-തുക=250000/-

ബിൽ നമ്പർ- 7008/27-3-22-തുക=250000/-

ഫണ്ട്-പൊതുവിഭാഗം

നിർവ്വഹണഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഓഡിറ്റ് വർഷത്തിൽ അന്ന,ജാസ്മിൻ തുണിസഞ്ചി യൂണിറ്റിനായിട്ടാണ് രണ്ടുവനിതാസംഘങ്ങൾക്ക് മേൽ രീതിയിൽ തുക അനുവദിച്ചത്.എന്നാൽ നിർവ്വഹണഉദ്യോഗസ്ഥൻ വനിതാസംഘവുമായി കരാർ വച്ചിട്ടില്ല.ഉടങ്ങുവാനുള്ള അർഹത നിർണ്ണയിച്ച് മോണിട്ടറിങ്ങ് കമ്മിറ്റിയുടെ റിപ്പോർട്ടുണ്ടെങ്കിലും തുടർപ്രവർത്തനങ്ങൾ നിരീക്ഷിക്കപ്പെട്ടിട്ടില്ല.അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 32/21-22/13-1-23 ക്ക് മറുപടി ലഭ്യമാക്കുവാനായി സംഘാംഗങ്ങൾ നേരിട്ട് അവരുടെ ക്യാഷ്ബുക്കും ബാങ്ക് പാസ്സ്ബുക്കുമായി വരികയും ആയത് പരിശോധിക്കുകയുമുണ്ടായി.അതിൽ വരവായി കിട്ടുന്ന തുകകൾ ബാങ്കിലടച്ച് ചെലവുകൾ 1000രൂപക്ക് മീതെയുള്ള തുകകൾ ചെക്ക് മുഖാന്തിരം നല്കുന്ന രീതി അവലംബിക്കുന്നില്ല.വരവുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി വരുന്നുണ്ട്.ഇടപാടുകൾ കഴിവതും ബാങ്ക് മുഖേനെയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പകർച്ചവ്യാധി നിയന്ത്രണം-പരിഹാരറിപ്പോർട്ട് സമർപ്പിച്ചിട്ടില്ല

പ്രോജക്ട് നമ്പർ-39/21-22

പ്രോജക്ട്-പകർച്ചവ്യാധി നിയന്ത്രണം

അടങ്കൽ-110000/-

ചെലവ്-94824/-
ബിൽ നം- 16/30.03.2022- 34000/-

ഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം

നിർവ്വഹണഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ പി എച്ച് സി

പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി പഞ്ചായത്തിലെ തെരഞ്ഞെടുത്ത 40 കിണറുകളിൽ നിന്നെടുത്ത കുടിവെള്ള സാമ്പിളുകൾ വാട്ടർ അതോറിറ്റിയിൽ പരിശോധനക്ക് അയച്ചതിന് ബിൽ നമ്പർ 16/30-3-2022 പ്രകാരം ഒരു കിണറിന് 850രൂപ പ്രകാരം 34000/-രൂപ നല്കി.ആയതിന്റെ ലാബ് റിപ്പോർട്ടിൽ പുലിങ്ങോട് കോളനി ബേഗൂർ കാട്ടിക്കുളം,തിരുനെല്ലി സ്കൂൾ തിരുനെല്ലി എന്നിവരുടെ കുടിവെള്ളത്തിൽ മാരകമായ E-coli ബാക്ടീരിയയുടെ സാന്നിദ്ധ്യം കാണപ്പെട്ടു.എന്നാൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവസ്ഥാവിശേഷ റിപ്പോർട്ട്, പരിഹാരറിപ്പോർട്ട് എന്നിവ മെഡിക്കൽ ഓഫീസർ പഞ്ചായത്ത് ഭരണസമിതിക്ക് നല്കിയതായി കാണുന്നില്ല.അപാകതക്ക് വിശദീകരണം നല്കേണ്ടതാണ്.ഇത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 30/21-22/13-1-23 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-31 ആദിവാസി വനിതാ ഗർഭകാല പരിചരണം-രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ-41/21-22

പ്രോജക്ട്-ആദിവാസി വനിതാ ഗർഭകാല പരിചരണം

അടങ്കൽ-271119/-

ചെലവ്-170947/-

ഫണ്ട്-ടി എസ് പി

നിർവ്വഹണഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ പി എച്ച് സി

പദ്ധതി നിർവ്വഹണത്തിനായി ക്യാമ്പുകൾ നടത്തിയതിന്റെ ഭാഗമായി 27000/- രൂപ (ബിൽ നമ്പർ13/4-3-22,14 /14-3-22)വാഹനവാടക ഇനത്തിൽ ചെലവഴിച്ചെങ്കിലും ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.ക്വട്ടേഷൻ രേഖകൾ ഹാജരാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ 30/21-22/13.01.2023ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. തുക തടസ്സം ചെയ്യുന്നു.

## 1-32 വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി-രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ-50/21-22

പ്രോജക്ട്-വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി

അടങ്കൽ-92429/-

ചെലവ്-92429/-

ബിൽ നമ്പർ-57/1-12-2021

ഫണ്ട്-തനത്ഫണ്ട്

നിർവ്വഹണഉദ്യോഗസ്ഥൻ-ഫിഷറീസ് സബ് ഇന്സ്പെക്ടർ

ഫിഷറീസ് ഇൻസ്പെക്ടറുടെ ക്യാഷ്ബുക്ക് പരിശോധനയിൽ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കപ്പെട്ട 92429/-രൂപയുടെ വിവരങ്ങൾ ക്യാഷ്ബുക്കിൽ ചേർത്തിട്ടില്ല.കൂടാതെ ബയോഫ്ളോക്കിനായി ചെലവഴിച്ച 67981/-രൂപ ഏതൊക്കെ ഗുണഭോക്താക്കൾക്ക് നല്കിയെന്ന വിവരം ക്യാഷ്ബുക്കിൽ ചേർത്തിട്ടില്ല.കൂടാതെ പ്രോജക്ട് രജിസ്റ്ററിലും തനതുഫണ്ടിൽ നിന്നുള്ള ചെലവ് രേഖപ്പെടുത്തിയില്ല.കൂടാതെ ബില്ലുകളുടെ വിവരങ്ങൾ തെളിച്ചമില്ലാത്ത കടലാസ്സിലാണ് സൂക്ഷിച്ചിരിക്കുന്നത്.അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ 31/21-22/13.01.2023ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

## 1-33 ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് പമ്പ്സെറ്റ് അനുവദിച്ചു.

പ്രോജക്ട് നമ്പർ-64/21-22

പ്രോജക്ട്-ജലസേചന പമ്പ് സെറ്റും അനുബന്ധഉപകരണങ്ങളും

അടങ്കൽ-197500/-

ചെലവ്-193925/-

ഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം

നിർവ്വഹണഉദ്യോഗസ്ഥൻ-കൃഷിഓഫീസർ

പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗ്രാമസഭാ ലിസ്റ്റിൽ ഇല്ലാത്ത

വ്യക്തികൾക്ക് ജലസേചനത്തിനായി പമ്പ്സെറ്റിന് സബ്സിഡി തുക കൈമാറിയതായി കാണുന്നു.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ നമ്പർ /തിയ്യതി |
|---|---|---|
| ചന്ദ്രശേഖരപിള്ള | 10000 | 14/18-3-2022 |
| മധുലാൽ കെ.പി | 10000 | 14/18-3-2022 |
| കമലാക്ഷി.പി. | 10000 | 14/18-3-2022 |
| ഗംഗാധരൻ എ ഡി | 6750 | 14/18-3-2022 |
| വത്സല.കെ.എൻ | 9450 | 14/18-3-2022 |
| മേരി ജോർജ്ജ് | 9750 | 14/18-3-2022 |
| | 55950/- | |
| പവിത്രൻ.വി.എൻ | 10000 | 15/24-3-2022 |
| വിജയൻ.എം | 8450 | 15/24-3-2022 |
| ലിസാജ്.ടി.പി. | 9700 | 13/24-3-2022 |
| ആകെ | 84100/- | |

ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ധനസഹായം നല്കിയതിന് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 28/21-22/13-1-23ക്ക് വിശദീകരണം നല്കിയില്ല.തുക ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-34 പിരിച്ചുവിട്ട ജീവനക്കാരന് ഉപജീവനബത്ത നൽകിയത് ക്രമവിരുദ്ധം

തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ 13.05.10 മുതൽ ക്ലാർക്ക് തസ്തികയിൽ ജോലിചെയ്തിരുന്ന ശ്രീ.ജോസഫ്.കെ.ജെ എന്നയാളെ വയനാട് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.05.13 ലെ എ.8/3435/2006 നമ്പർ ഉത്തരവ് പ്രകാരം 01.06.13 തീയതി പ്രാബല്യത്തിൽ സേവനത്തിൽനിന്ന് പിരിച്ചുവിട്ടു.ഉടർന്ന് പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടറുടെ 24.03.14 ലെ ഡി.1-41755/07 നമ്പർ ഉത്തരവ് പ്രകാരം പിരിച്ചുവിട്ട ഉത്തരവ് റദ്ദ് ചെയ്ത് 24.06.13 തീയതി പ്രാബല്യത്തിൽ സസ്പെൻഷൻ ആക്കിമാറ്റിയിരുന്നെങ്കിലും തദ്ദേശസ്വയംഭരണവകുപ്പിന്റെ സ.ഉ.(സാധാ)നം 1237/2016/ത.സ്വ.ഭ.വ തീയതി 11.03.2016 പ്രകാരം 24.06.13 തീയതി പ്രാബല്യത്തിൽ തന്നെ സർവീസിൽ നിന്നും നീക്കം ചെയ്തിരുന്നു.പ്രസ്തുത ഉത്തരവ് 18.08.16 ന് ശ്രീ.ജോസഫ്.കെ.ജെ നേരിട്ട് കൈപ്പറ്റിയതായി പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ 24.11.21 ലെ എ8/3435/2006 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.11.03.2016 ലെ സർക്കാർ ഉത്തരവ് പ്രകാരം സർവീസിൽനിന്നും നീക്കം ചെയ്ത ശ്രീ.ജോസഫ് .കെ.ജെ ക്ക് 31.08.21 വരെ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽനിന്നും ഉപജീവനബത്ത നൽകിയിട്ടുണ്ട്.പഞ്ചായത്ത് ഭരണസമിതിയുടെ 10.02.22 ലെ 16(2) നമ്പർ തീരുമാനപ്രകാരം ,ശ്രീ.ജോസഫ്.കെ.ജെ.തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ നിന്നും 01.06.13 മുതൽ 31.08.21 വരെ കൈപ്പറ്റിയ 1260256 രൂപയും പലിശയും തിരിച്ചുപിടിക്കാൻ തീരുമാനിച്ചിട്ടുണ്ട്.ഓഡിറ്റ് എൻക്വയറി നം.12/21-22/10.01.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ തുക തിരിച്ചുപിടിക്കാൻ റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചതായും നടപടികൾക്കെതിരെ ശ്രീ .ജോസഫ് ഹൈക്കോടതിയിൽ WP(C)29148/2022 നമ്പർ കേസ് ഫയൽ ചെയതിട്ടുണ്ടെന്നും കേസിൽ 10.01.23 വരെ ,റവന്യൂറിക്കവറി നടപടികൾക്കെതിരെ സ്റ്റേ ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. സർക്കാർ ഉത്തരവ് പ്രകാരം പിരിച്ചുവിട്ട ജീവനക്കാരന് നൽകിയ ഉപജീവനബത്ത തിരിച്ചുപിടിക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്.

2021-22 ൽ നൽകിയ തുക ഇപ്രകാരമാണ്

| ക്രമനമ്പർ | വൗച്ചർനമ്പർ/ തീയതി | തുക |
|---|---|---|
| 1 | 400001/09.04.21 | 22025 |
| 2 | 42100175/28.06.21 | 66075 |
| 3 | 42100424/01.10.21 | 66075 |
| | ആകെ | 154175 |

154175 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.തുക അനുവദിച്ച സെക്രട്ടറിയിൽനിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.മുൻവർഷങ്ങളിൽ നൽകിയ തുകയും ഈടാക്കി അറിയിക്കേണ്ടതാണ്.(ഖണ്ഡിക 3-1) കാണുക.

## 1-35 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് -അപാകതകൾ

2021-22വർഷത്തെ പൊതുമരാമത്ത് പ്രവർത്തികളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1.ജി.ഒ.(എം.എസ്) 11/2018/LSGD Dtd 29.01.2018ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കേണ്ടതായിരുന്നു.എന്നാൽ ഇത് തയ്യാറാക്കാതെയാണ് പദ്ധതിരൂപീകരണം നടത്തുന്നത്.

2)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് ബുക്കിൽ പ്രോജക്ട് രൂപികരണവും നിർവ്വഹണവും സംബന്ധിച്ച് എല്ലാ മീറ്റിംഗുകളിലും തീരുമാനങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല.02.02.21 തീയതിയിൽ ആണ് 21-22 വർഷത്തെ പദ്ധതിരൂപീകരണം സംബന്ധിച്ച യോഗം നടന്നിട്ടുള്ളത്. പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ മുൻവർഷപദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

3)ചില യോഗങ്ങളുടെ മിനുട്സ് എഴുതി പൂർത്തീകരിച്ചിട്ടില്ല.യോഗങ്ങളുടെ തീയതികൾ രേഖപ്പെടുത്തുന്നില്ല.

4)തീയതി രേഖപ്പെടുത്താത്ത മിനുട്സിൽ കഴിഞ്ഞ അഞ്ചുവർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കി കാണുന്നില്ല.

5)കെട്ടിടനിർമ്മാണപ്രോജക്ടുകളിൽ കെട്ടിടം ഉപയോഗക്ഷമമാക്കുന്നതിനുള്ള എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല.

6)പൂർത്തീകരണപ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ആസ്തികളുടെ ഉടമസ്ഥാവകാശം, മുൻപ് ചെയ്തപ്രവൃത്തികൾ ,നിലവിലെ അവസ്ഥ എന്നിവ വ്യക്തമാക്കാതെയാണ് വീണ്ടും തുക വകയിരുത്തുന്നത്.

7)അസി .എഞ്ചിനീയർ ഹാജരാക്കിയ ഫയലുകളിൽ പേജ് നമ്പർ നൽകിയിട്ടില്ല.

8)പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല.

9) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

10)തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം 137 പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ 15എണ്ണം നടപ്പാക്കാൻ സാധിച്ചിട്ടില്ല .

11)കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണപ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതികളുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളോ ,മുൻപ് ഈ പദ്ധതികൾ നടപ്പാക്കിയത് സംബന്ധിച്ച രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

12).ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

13)അളവുകൾ രേഖപ്പെടുത്തിയ അളവുപുസ്തകങ്ങളിൽ ചിലവ നിർവഹണോദ്യോഗസ്ഥൻ ഒപ്പുവെച്ചതായി കാണുന്നില്ല.

14) റോഡ് നിർമ്മാണപ്രവൃത്തികളിൽ സ്ഥലം വിട്ടുകിട്ടിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നം.6/21-22 തീയതി .07.01.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് അപാകതകൾ പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-36 ആസ്തിരജിസ്റ്റർ കാലികമാക്കിയില്ല.

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല എന്ന് കാണുന്നു.അസി.എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടവയാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. റോഡ് രജിസ്റ്റർ കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടുമില്ല. ഓഡിറ്റ് എൻക്വയറി നം.7/21-22/07.01.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്.ആസ്തിരജിസ്റ്റർ കാലികമാക്കി അറിയിക്കേണ്ടതാണ്.

## 1-37 റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ രേഖകൾ പരിശോധിച്ചതിൽ ,റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല എന്ന് കണ്ടു.ആയതിനാൽ ഈ പ്രവൃത്തികൾ റോഡിന്റെ ഏത് ഭാഗത്ത് ചെയ്തുവെന്ന് തിരിച്ചറിയാൻ കഴിയില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നമ്പർ-58/22

ആനപ്പാറ മൊട്ട റോഡ് മെയിന്റനൻസ്

ചെലവഴിച്ച തുക-728087

വൗച്ചർനമ്പർ-54/21-22/10.02.22

2.പ്രോജക്റ്റ് നമ്പർ-87/22

ഇരുമ്പുപാലം ചേലൂർ റോഡ് മെയിന്റനൻസ്

ചെലവഴിച്ച തുക-499362

വൗച്ചർനമ്പർ-93/21-22/24.03.22

3.പ്രോജക്റ്റ് നമ്പർ-276/22

കാട്ടിക്കുളം ചെറുകമ്പം റോഡ് മെയിന്റനൻസ്

ചെലവഴിച്ച തുക-299710

വൗച്ചർനമ്പർ-14/21-22/22.09.21

ഇതുപോലെ തൻവർഷം നടപ്പാക്കിയ മിക്കറോഡ് പ്രവൃത്തികളിലും ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.ആസ്തിരജിസ്റ്ററും റോഡ് രജിസ്റ്ററും പൂർത്തീകരിച്ചിട്ടുമില്ല.ചെയിനേജ് രേഖപ്പെടുത്താതെ പ്രവൃത്തികൾ നടപ്പാക്കുന്നത് ഉചിതമല്ല.

ഓഡിറ്റ് എൻക്വയറി നം.14/21-22/10.01.23പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 കുടിവെള്ളപദ്ധതിക്ക് തുക ചെലവഴിച്ചു- പദ്ധതിനടത്തിപ്പിൽ അപാകങ്ങൾ

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിൽ തുറമ്പൂർകോളനി കുടിവെള്ളപദ്ധതി പൂർത്തീകരണത്തിന് വേണ്ടി 205092 രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്റ്റ് നമ്പർ-124/22

പ്രോജക്റ്റ്- തുറമ്പൂർകോളനി കുടിവെള്ളപദ്ധതി പൂർത്തീകരണം

നിർവഹണം-അസി എഞ്ചിനീയർ

അടങ്കൽ-250000

ഫണ്ട്-വികസനഫണ്ട്.ടി.എസ്.പി

വൗച്ചർ നമ്പർ-92/21-22/19.03.22

പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കുടിവെള്ളപദ്ധതിയുടെ ഉടമസ്ഥാവകാശം,നിലവിലെ അവസ്ഥ,മുൻപ് ചെയ്ത പ്രവൃത്തികൾ എന്നിവ സംബന്ധിച്ച യാതൊരു വിവരങ്ങളും ഇല്ല.നിലവിൽ കിണറിന് പ്ലാറ്റ് ഫോം,ടാങ്കിന് ബേസ്മെന്റ്,മോട്ടോർ സ്ഥാപനം എന്നിവയാണ് ചെയ്തത്.മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടും ഫയലിൽ ഇല്ല.

ഓഡിറ്റ് എൻക്വയറി നം. 9 /21-22/07.01.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിലും 16.01.23 ന് നടത്തിയ സ്ഥലപരിശോധനയിലും താഴെപ്പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

കുടിവെള്ളപദ്ധതിയിലെ കിണറിൽ വെള്ളം ഇല്ലാത്തതിനാൽ നിലവിലെ കിണറിലേക്ക് കബനിനദിയിൽനിന്നും വെള്ളം ഫിൽട്ടർടാങ്കിലേക്ക് അടിച്ച് കിണറിലേക്ക് സപ്ലൈ കൊടുക്കുകയും നിലവിലുണ്ടായിരുന്ന കിണറിന് പ്ലാറ്റ് ഫോം പണിയുകയുമാണ് ഈ പ്രൊജക്റ്റിൽ ചെയ്തിട്ടുള്ളത്.സ്ഥലപരിശോധന നടത്തിയതിൽ ഫിൽട്ടർ ടാങ്ക് ആയി സ്ഥാപിച്ചിരിക്കുന്ന ടാങ്കിൽ കുറച്ച് കല്ലുകളും മണലും മാത്രമാണുള്ളത് എന്ന് കണ്ടു.പുഴയിൽനിന്നുള്ള വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.ആയതുകൊണ്ട് തന്നെ കുടിവെള്ളപദ്ധതിയിൽ കോളനിനിവാസികൾക്ക് ലഭിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല.ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-39 സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാലും കൺസോളിഡേഷൻ കുറക്കാത്തതിനാലും അധികച്ചെലവ് .

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിൽ താഴെപ്പറയുന്ന പ്രവൃത്തിയിൽ സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവും കൺസോളിഡേഷനും കുറവ് വരുത്തിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ-68/22

പ്രോജക്റ്റ്- പോത്തുമൂല മാനിക്കൊല്ലി റോഡ് മൺപണി കൾവർട്ട്

നിർവഹണം-അസി എഞ്ചിനീയർ

അടങ്കൽ-800000

ഫണ്ട്-മെയിന്റനൻസ് ഫണ്ട് (റോഡ്)

വൗച്ചർ നമ്പർ-82/21-22/14.03.22

അളവുപുസ്തകം-281/21-22/pages 1-26

എസ്റ്റിമേറ്റിലെ ക്രമനമ്പർ 1 പ്രകാരം സൈഡ് പ്രൊട്ടക്ഷനുവേണ്ടി 51.94 ഘന മീറ്ററും കൾവെർട്ടിനുള്ള എസ്റ്റിമേറ്റിലെ ക്രമനമ്പർ 1 പ്രകാരം 32.5 ഘന മീറ്ററും മണ്ണ് കട്ട് ചെയ്തിട്ടുണ്ട്.എസ്റ്റിമേറ്റിലെ ക്രമനമ്പർ 1(4) പ്രകാരം 299.6ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് 5% മാത്രം കൺസോളിഡേഷൻ കുറച്ചതിന് ശേഷം തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവും നിയമാനുസൃതം കുറക്കേണ്ട കൺസോളിഡേഷനും കുറവ് വരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10 /21-22/09.01.23 ന് നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ കട്ട് ചെയ്ത മണ്ണ് ഉപയോഗിക്കാൻ കഴിയാത്തതായിരുന്നു എന്നും മണ്ണ് നന്നായി ഒതുക്കിയതിനാൽ കൺസോളിഡേഷൻ കുറച്ചില്ലയെന്നും അറിയിച്ചു.ഇത് തൃപ്തികരമല്ല.കട്ട് ചെയ്തമണ്ണ് ഉപയോഗശൂന്യമാണ് എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.മണ്ണ് അമരുമ്പോൾ കുറക്കേണ്ട കുറവ് വരുത്താത്തതിന് റോളർ ഉപയോഗിച്ച് അമർത്തി ഒതുക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.എസ്റ്റിമേറ്റിൽ 10% കുറവ് കാണിച്ചത് പോലും കുറവ് വരുത്തിയിട്ടില്ല.

299.6 മീറ്റർ നിറച്ചതിന് 5% കൺസോളിഡേഷൻ കുറച്ച് 284.6 M2 നിറച്ചതിന്

ഘ.മീറ്ററിന് 250 രൂപ നിരക്കിൽ 71152.5 രൂപ നൽകിയിട്ടുണ്ട്.യഥാർത്ഥത്തിൽ നൽകാവുന്നത് ഇപ്രകാരമാണ്.

നിറച്ച മണ്ണ്-299.6

കുറക്കുക കൺസോളിഡേഷൻ20%-59.92

സൈറ്റിൽ ലഭ്യമായ മണ്ണ്-84.44

ബാക്കി-155.24

നൽകാവുന്ന തുക-155.24x250=₹38810

നൽകിയ തുക-284.6x250= ₹71152.5

അധികം നൽകിയ തുക=₹32342.5

₹32342.5 യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.(ഖണ്ഡിക 3-2 കൂടി കാണുക)

## 1-40 പകൽവീടുകൾക്ക് തുക ചെലവഴിക്കുന്നു.രേഖകൾ ഇല്ല

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ രേഖകൾ പരിശോധിച്ചതിൽ ,പകൽവീടുകളുടെ വയറിംഗും പ്ലംബിംഗിനുമായി 411402 രൂപ ചെലവഴിച്ചിട്ടുണ്ട്. ഏതൊക്കെ പകൽവീടുകളിലാണ് പ്രവൃത്തി നടത്തിയത് എന്ന് ഫയലിൽ ഇല്ല.

പ്രോജക്ട് നമ്പർ-90/22

പകൽവീടുകളുടെ വയറിംഗും പ്ലംബിംഗും

അടങ്കൽ-492000

ചെലവഴിച്ച തുക- 411402

വൗച്ചർനമ്പർ-96/21-22/24.03.22

ഫണ്ട്-വികസനഫണ്ട് ജനറൽ

നിർവഹണം-അസി.എഞ്ചിനീയർ

പ്രവൃത്തികൾ നടപ്പാക്കിയ പകൽവീടുകൾ എവിടെയാണെന്നും ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളും മുൻപ് ഈ കെട്ടിടങ്ങളുടെ നിർമ്മാണവേളയിൽ ഈ പ്രവൃത്തികൾക്ക് തുക വകയിരുത്തിയിരുന്നോ എന്ന വിവരങ്ങളും ഫയലിൽ ഇല്ല.ഈ കെട്ടിടങ്ങൾ നിലവിൽ ഉപയോഗക്ഷമമാണോ എന്ന വിവരങ്ങളും ഫയലിൽ ഇല്ല.കെട്ടിടങ്ങളിൽ വൈദ്യുതിയും വാട്ടർകണക്ഷനും ലഭ്യമായോ എന്നും വ്യക്തമല്ല.കെട്ടിടങ്ങളിൽ വൈദ്യുതിയും വാട്ടർകണക്ഷനും ലഭ്യമായോ എന്നും വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി നം.15/21-22/10.01.23 പ്രകാരം വിവരങ്ങൾ ആരാഞ്ഞതിന്

അസി.എഞ്ചിനീയർ നൽകിയ മറുപടിയിൽ വൈദ്യുതി,വാട്ടർ കണക്ഷൻ സംബന്ധിച്ച കാര്യങ്ങൾ പഞ്ചായത്താണ് ചെയ്യുന്നത് എന്നും മുള്ളൻകൊല്ലി,വരിനിലം,കോളിദാർ എന്നീ പകൽവീടുകളിലാണ് പ്രവൃത്തി നടപ്പാക്കിയത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ നിലവിലും വൈദ്യുതിയും വാട്ടർകണക്ഷനും ലഭ്യമായിട്ടില്ല.ചെലവഴിച്ച തുകയുടെ ഫലം ഇപ്പോഴും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നില്ല.തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-41 വനിതാസമുച്ചയങ്ങൾക്ക് വയറിംഗും പ്ലംബിംഗും നടത്തിയിട്ടും വൈദ്യുതിയും വെള്ളവും ലഭ്യമായിട്ടില്ല.

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ രേഖകൾ പരിശോധിച്ചതിൽ ,വനിതാസമുച്ചയങ്ങളുടെ വയറിംഗും പ്ലംബിംഗിനുമായി 238233 രൂപ ചെലവഴിച്ചിട്ടുണ്ട്.എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം രണ്ട് കെട്ടിടങ്ങളുടെ വയറിംഗും പ്ലംബിംഗിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത് .എന്നാൽ ഏതൊക്കെ വനിതാസമുച്ചയങ്ങളിലാണ് പ്രവൃത്തി നടത്തിയത് എന്ന് ഫയലിൽ ഇല്ല.

പ്രോജക്ട് നമ്പർ-78/22

വനിതാസമുച്ചയങ്ങൾക്ക് വയറിംഗും പ്ലംബിംഗും

അടങ്കൽ-300000

ചെലവഴിച്ച തുക- 238233

വൗച്ചർനമ്പർ-67/21-22/24.02.22

ഫണ്ട്-വികസനഫണ്ട് ജനറൽ

നിർവഹണം-അസി.എഞ്ചിനീയർ

പ്രവൃത്തികൾ നടപ്പാക്കിയ വനിതാസമുച്ചയങ്ങൾ എവിടെയാണെന്നും ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളും മുൻപ് ഈ കെട്ടിടങ്ങളുടെ നിർമ്മാണവേളയിൽ ഈ പ്രവൃത്തികൾക്ക് തുക വകയിരുത്തിയിരുന്നോ എന്ന വിവരങ്ങളും ഫയലിൽ ഇല്ല.കെട്ടിടങ്ങളിൽ വൈദ്യുതിയും വാട്ടർകണക്ഷനും ലഭ്യമായോ എന്നും വ്യക്തമല്ല.ഈ കെട്ടിടങ്ങൾ നിലവിൽ ഉപയോഗക്ഷമമാണോ എന്ന വിവരങ്ങളും ഫയലിൽ ഇല്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/21-22 /10.01.23 ന് അസി.എഞ്ചിനീയർ നൽകിയ മറുപടിയിൽ വൈദ്യുതി,വാട്ടർ കണക്ഷൻ സംബന്ധിച്ച കാര്യങ്ങൾ പഞ്ചായത്താണ് ചെയ്യുന്നത് എന്നും മുള്ളൻകൊല്ലി,പോത്തുമൂല എന്നനീ വനിതാസമുച്ചയങ്ങളിലാണ് പ്രവൃത്തി നടപ്പാക്കിയത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ നിലവിലും വൈദ്യുതിയും വാട്ടർകണക്ഷനും ലഭ്യമായിട്ടില്ല.ചെലവഴിച്ച തുകയുടെ ഫലം ഇപ്പോഴും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നില്ല.തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-42 നാലുസെന്റ് കോളനി പകൽവീട് -പിഴ ഈടാക്കിയില്ല

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ രേഖകൾ പരിശോധിച്ചതിൽ ,നാലുസെന്റ് കോളനി പകൽവീടിന് വേണ്ടി 2018-19 വർഷം ആരംഭിച്ച പ്രവൃത്തിക്ക് ഈ വർഷവും തുക ചെലവഴിച്ചതായി കണ്ടു.. കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല.പിഴ ഈടാക്കിയത് നിയമപ്രകാരമല്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ-112/19

പ്രോജക്ട്-നാലുസെന്റ് കോളനി പകൽവീട് നിർമ്മാണം

അടങ്കൽ-20,00,000

ചെലവഴിച്ച തുക- 1809950

1.വൗച്ചർനമ്പർ-36/20-21/ 28.05.20 -612946

വൗച്ചർനമ്പർ-109/20-21/27.01,21 -498565

വൗച്ചർനമ്പർ-163/20-21/ 31.03.21 -235870

വൗച്ചർനമ്പർ-95/ 21-22/21-22 -457943

ആകെ നൽകിയത്-1805324.

കരാറുകാരൻ-ഒ.ബി.സുനിൽകുമാർ

കരാർ തുക-1809950

ഫണ്ട്-വികസനഫണ്ട് വികസനഫണ്ട് ടി.എസ്.പി.

നിർവഹണം-അസി.എഞ്ചിനീയർ

എഗ്രിമെന്റ് നമ്പർ-AE/LSGD/TNLY/79/18-19/30.11.18

എഗ്രിമെന്റ് പ്രകാരം പൂർത്തീകരണകാലാവധി-30.04.19

പൂർത്തീകരണകാലാവധി-5 മാസം

അളവുപുസ്തകങ്ങൾ-114/18-19,20/20-21,19/20-21,128/20-21,240/22

പ്രവൃത്തിപൂർത്തീകരണകാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുകപോലും ചെയ്യാത്തതിനാൽ 25.06.19 ന് AE/LSGD /TNLY/112/19-20 പ്രകാരം കത്ത് നൽകിയതിനുശേഷമാണ് പ്രവൃത്തി ആരംഭിച്ചത്.

പ്രവൃത്തി പൂർത്തീകരിച്ചത് 08.02.22 നാണ്.അവസാനബില്ലിൽ4626 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വന്നിട്ടും കരാറുകാരൻ അപേക്ഷ നൽകുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് കരാറുകാരൻ അസി. എഞ്ചിനീയർ മുഖേനെ അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 25% ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തികണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർ തുകയുടെ 1% -വും പിന്നീടുള്ള ദീർഘീകരണം കരാർ തുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടാണ് നടത്തേണ്ടത്. എന്നാൽ അസി. എഞ്ചിനീയർ കരാറുകാരനുമായി ചമച്ച ഉഭയകക്ഷി കരാറിലെ 7-ാം വ്യവസ്ഥയിൽ ആകെ ദീർഘീകരണ സമയത്തിന്റെ 20% സമയം പിഴയില്ലാതെയും അതുകഴിഞ്ഞ് ആദ്യ 3 മാസം വരെ സമയം കരാർതുകയുടെ 1% -വും പിന്നീടുള്ള ഒരോ 3 മാസത്തിനും കരാർതുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ട് കാലാവധി നീട്ടികൊടുക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുഉടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്.ഇത്തരം നടപടികൾ സ്വീകരിച്ചിട്ടില്ല.

ഈടാക്കേണ്ടിയിരുന്ന പിഴ തുകയുടെ വിശദാംശങ്ങൾ

| | |
|---|---|
| പിഴയില്ലാതെ അനുവദിക്കാവുന്ന അധിക സമയം<br>(150X 20/100) | 24ദിവസങ്ങൾ |
| പിഴയില്ലാതെ അനുവദിക്കാവുന്ന അധിക സമയം അവസാനിക്കുന്ന തീയ്യതി (30/04/2019 + 24 ദിവസങ്ങൾ) | 24/05/19 |
| ആദ്യ മൂന്ന് മാസത്തേക്ക് 25/05/19 മുതൽ 24/08/19വരെ (കരാർ തുകയുടെ 1%) | 1809950X 1/100 = 18099.5 |
| അടുത്ത മൂന്ന് മാസത്തേക്ക് 25/08/19 മുതൽ 24/11/19 വരെ (കരാർതുകയുടെ 2%) | 1809950 X 2/100 = 36199 |
| അടുത്ത മൂന്ന് മാസത്തേക്ക് 25/11/19 മുതൽ 24/2/20 വരെ (കരാർതുകയുടെ 2%) | 1809950 X 2/100 = 36199 |
| 25/02/20 മുതൽ 24/05/20 വരെ (കരാർതുകയുടെ 2%) | 1809950 X 2/100 = 36199 |
| 25/08/20 മുതൽ 24/11/20 വരെ (കരാർതുകയുടെ 2%) | 1809950 X 2/100 = 36199 |
| 25/11/20 മുതൽ 24/02/21വരെ (കരാർതുകയുടെ 2%) | 1809950 X 2/100 = 36199 |
| 25/02/21 മുതൽ 24/05/21വരെ (കരാർതുകയുടെ 2%) | 1809950 X 2/100 = 36199 |
| 25/05/21 മുതൽ 24/08/21 വരെ (കരാർതുകയുടെ 2%) | 1809950 X 2/100 = 36199 |
| 25/08/21 മുതൽ 24/11/21 വരെ (കരാർതുകയുടെ 2%) | 1809950 X 2/100 = 36199 |
| 25/11/21 മുതൽ 08/02/22 വരെ (കരാർതുകയുടെ 2%) | 1809950 X 2/100x76/90= 30568 |

| | |
|---|---|
| ആകെ പിഴയായി ഈടാക്കേണ്ട തുക | ₹338259/- |

ഈടാക്കിയ പിഴ-4626

ഈടാക്കാൻ ബാക്കിയുള്ള പിഴ-333633.ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല.ആയതിനാൽ കരാറുകാരന് നൽകിയ തുക യഥാർത്ഥത്തിൽ നൽകാവുന്നതല്ല.

ഓഡിറ്റ് എൻക്വയറി നം.13/21-22/10.01.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ കരാറുകാരന് അസുഖം ബാധിച്ചതിനാലാണ് പ്രവർത്തി പൂർത്തീകരിക്കാൻ വൈകിയതെന്നും അതിനാലാണ് പിഴ ഈടാക്കാതിരുന്നത് എന്നുമാണ് അറിയിച്ചിട്ടുള്ളത്.എന്നാൽ ഈ മറുപടിയെ സാധൂകരിക്കുന്ന യാതൊരു രേഖകളും ഫയലിൽ ഇല്ല.കാരാറുകാരന്റെ അപേക്ഷയോ,അതു സംബന്ധിച്ചുള്ള ഭരണസമിതി തീരുമാനമോ,സപ്ലിമെന്ററി എഗ്രിമെന്റോ ഇല്ലാതെ ,സമയം നീട്ടി നൽകിയത് ശരിയായ നടപടിയല്ല.വ്യക്തമായ കാരണങ്ങൾ ഇല്ലാതെ സമയം നീട്ടിനൽകിയ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 1-43 നിർവഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടുകളിൽ തുകകൾ അവശേഷിക്കുന്നു

നിർവഹണോദ്യോഗസ്ഥരുടെ പേരിൽ, ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ച് വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ആയതിനാൽ ഇതിലെ നീക്കിയിരിപ്പ്ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. ക്യാഷ് ബുക്കിൽ ഇത് സംബന്ധിച്ച കൃത്യമായി രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാലും ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

അക്കൗണ്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥ | അക്കൗണ്ടിന്റെ വിവരങ്ങൾ | 31.03.2022 - ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | അസി. എഞ്ചിനീയർ | 4040410000478<br>കേരളഗ്രാമീണബാങ്കിൽ കാട്ടിക്കുളം ബ്രാഞ്ച് | ₹180901/ |
| 2 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2879000100028074<br>പഞ്ചാബ് നാഷണൽ ബാങ്ക് മാനന്തവാടി ബ്രാഞ്ച് | ₹19474/ |

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ബാങ്കിംഗ് ട്രഷറി മുഖേനയാണ് പണമിടപാടുകൾ നടത്തുന്നത് എന്നതിനാൽ മേൽ പറഞ്ഞ് ബാങ്ക് അക്കൗണ്ടിലെ തുക എന്ത് ആവശ്യത്തിന് വേണ്ടി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി.നം. 11/ 21-22തീയതി 09.03.23, പ്രകാരം അസി.എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തിയതിന് തനതുഫണ്ട് പ്രവൃത്തികളുടെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധിവിഹിതം അടക്കുന്നതിനുള്ള തുകയും പലിശയുമാണ് അക്കൗണ്ടിലുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. തുകയുടെ റീകൺസിലിയേഷൻ നടത്തി ക്രമീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി.നം.26 / 21-22തീയതി 12.01.23 പ്രകാരം ICDS സൂപ്പർവൈസറുടെ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.ആവശ്യമില്ലാതെ പൊതപപണം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ഒഴിവാക്കേണ്ടതാണ്.

## 1-44 കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷിച്ചിട്ടും അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ വീഴ്ച.

അനുപൂരകപോഷകാഹാരപദ്ധതിക്ക് വേണ്ടി ലഭിക്കുന്ന കേന്ദ്രവിഹിതത്തിൽ 3476035 രൂപ ചെലവഴിക്കാൻ ബാക്കിയുള്ളതായി വാർഷികകണക്കുകളിലെ B4-ഷെഡ്യൂളിൽ കാണുന്നു.കേരള പഞ്ചായത്ത് രാജ് നിയമം 166 -ാം വകുപ്പ് 3 -ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് പഞ്ചായത്തിന്റെ

ചുമതലയാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ തയ്യാറാക്കി പഞ്ചായത്ത് നടപ്പിലാക്കേണ്ടതുണ്ട്.

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെയുള്ള അങ്കണവാടികൾ | 40 |
| സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 18 |
| സ്വന്തം സ്ഥലം ഇല്ലാത്ത അങ്കണവാടികൾ | 1 |
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ | 12 |
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | 1 |
| ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അങ്കണവാടികൾ | 1 |

22.03.2011 ലെ നം. 31055/ഡി.സി.2/2011/ ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. എല്ലാ വർഷവും മെയ് 10 – നകം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. കുന്നിയൂർ അങ്കണവാടിക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. നിലവിൽ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

കുടിവെള്ള സൗകര്യം, വൈദ്യുതി കണക്ഷൻ, സ്വന്തമായി കെട്ടിടം, ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.ഇത്രയും തുക നീക്കിയിരിപ്പുണ്ടായിട്ടും ആയത് ഭൗതികസാഹചര്യങ്ങളുടെ വികസനത്തിന് ഉപയോഗിക്കാത്തത് ശരിയായ നടപടിയല്ല.കുന്നിയൂർ അങ്കണവാടിയുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ഐ.സി.ഡി.എസ്.സൂപ്പർവൈസർ രേഖാമൂലം ഭരണസമിതിയെ അറിയിച്ചിട്ടും നാളിതുവരെയും കെട്ടിടം റിപ്പയർ നടത്തിയതായി കാണുന്നില്ല.

2021-22 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിശകലനം നടത്തിയതായി കാണുന്നില്ല. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി തലങ്ങളിൽ സ്വീകരിച്ചതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി.നം. 27 / 21-22തീയതി 12.01.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-45 റൂറൽ ഹൗസിംഗ് പ്രോജക്ട് - തനത് ഫണ്ട് ഉപയോഗിച്ച് പലിശ ബാധ്യത യഥാസമയം തിരിച്ചടക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ബാധ്യത

തിരുനെല്ലി ഗ്രാമ പഞ്ചായത്തിലെ ഭവന രഹിതരായ ആളുകൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി ഭവന പദ്ധതി നടപ്പാക്കുന്നതിന് അനുമതിക്കായി 15.12.2015 ന് ഗ്രാമ പഞ്ചായത്ത് സർക്കാരിലേക്ക് അപേക്ഷ നൽകുകയും തദ്ദേശ സ്വയം ഭരണ വകുപ്പ് ബഹു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 09.02.2016 തീയതിയിലെ നമ്പർ 04/ഡിബി1/16/തസ്വഭവ നമ്പർ കത്ത് പ്രകാരം തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 3,10,00,000/- രൂപ 11% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.
ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്കുമായി വായ്പ വിതരണത്തിനായി 11/02/2016 തീയതിൽ കരാറിൽ ഏർപ്പെട്ടു. കരാർ ഉടമ്പടി വ്യവസ്ഥ 6 പ്രകാരം ഗ്രാമ പഞ്ചായത്ത് 11% നിരക്ക് പലിശ സഹിതം 10 വർഷത്തിനകം വായ്പ തിരിച്ചടക്കേണ്ടതാണ്. അതേ വ്യവസ്ഥയിൽ 12.5% നിരക്കിൽ പലിശ സഹിതം മുതൽ ഗ്രാമ പഞ്ചായത്ത് തിരിച്ചടക്കുന്നതാണെന്നും ഉൾക്കൊള്ളിച്ചിരിക്കുന്നു. വ്യവസ്ഥ 15 പ്രകാരം ബാങ്കിന് പലിശ നിരക്കിൽ മാറ്റം വരുത്തുന്നതിനുള്ള അനുമതി നൽകുന്നുണ്ട്. വ്യവസ്ഥ 7 അനുസരിച്ച് ത്രൈമാസിക അടിസ്ഥാനത്തിൽ പലിശ കണക്കാക്കി ആയത് ഗ്രാമ പഞ്ചായത്ത് ഒടുക്കേണ്ടതാണ്. ഭവന വായ്പ തുക മുതൽ പദ്ധതി പണത്തിൽ നിന്നും പലിശ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമാണ് തിരിച്ചടക്കേണ്ടത്.(സ.ഉ(എം.എസ്) നം.83/13/തസ്വഭവ തീയതി 11.03.2013)
ഗ്രാമപഞ്ചായത്ത് മേൽ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഭവന പദ്ധതിക്ക് റൂറൽ ഹൗസിംഗ് പദ്ധതി എന്നാണ് പേര് നൽകിയിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷം മുതൽ വസതി ഭവന വായ്പ തിരിച്ചടവിന് വികസനഫണ്ടിൽ നിന്നും തുക വകയിരുത്തുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ വായ്പ തുക

തിരിച്ചടക്കുന്നതിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

1.പ്രോജക്റ്റ് നം. - 3/22

- പ്രോജക്റ്റിന്റെ പേര് - ഭവന വായ്പ തിരിച്ചടവ്
- അടങ്കൽ - വികസന ഫണ്ട് - 3050000
- തുക ചെലവഴിച്ചത് - ബിൽ നം.(BRN 2118045201720043378‌8) തീയതി10/09/21 തുക 3050000

തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്ക് 24/08/2021 ന് നൽകിയ കത്ത് പ്രകാരം

തൻവർഷം മുതൽ ബാധ്യത - 4997990

പലിശ ബാധ്യത - 1252464

ആകെ - 6250454

2.പ്രോജക്റ്റ് നം. - 353/22

- പ്രോജക്റ്റിന്റെ പേര് - ഭവന വായ്പ തിരിച്ചടവ്
- അടങ്കൽ - വികസന ഫണ്ട് - 4497950
- തുക ചെലവഴിച്ചത് - ബിൽ നം.(BRN 211804520172014780‌98) തീയതി 30/03/2022 തുക 4497950

തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്ക് 24/03/2022 ന് നൽകിയ കത്ത് പ്രകാരം

തൻവർഷം മുതൽ ബാധ്യത - 5247840

പലിശ ബാധ്യത - 1033296

ആകെ- 6281136

10/09/21 തുക 3050000 രൂപ തിരിച്ചടച്ചിരുന്നുവെങ്കിലും 24/03/22 ന് കത്ത് പ്രകാരം മുതൽ ബാധ്യത 5247840 രൂപയായി വർദ്ധിച്ചതായി ബാങ്ക് അറിയിച്ചിട്ടുണ്ട്. ഓരോ വർഷത്തെയും പലിശ ബാധ്യത പൂർണമായും തനത്ഫണ്ട് ഉപയോഗിച്ച് തിരിച്ചടവ് നടത്തേണ്ടതാണ്. എന്നാൽ തനത്ഫണ്ട് ഉപയോഗിച്ച് യാതൊരു തിരിച്ചടവും നടത്തിയതായി കാണുന്നില്ല.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ആകെ 28,200,000 രൂപ വായ്പ ഇനത്തിൽ ബാങ്കിൽ നിന്നും വാങ്ങിയിട്ടുണ്ട്. ലോൺ തിരിച്ചടവിലേക്കായി മുഖ്യമായും പദ്ധതി പണമാണ് 2021-22 സാമ്പത്തിക വർഷം വരെ ഉപയോഗിച്ചിട്ടുള്ളത്. ഓരോ വർഷവും പലിശ കണക്കുകൾ ബാങ്കിൽ നിന്ന് വാങ്ങുകയോ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിച്ച് പലിശ തുക യഥാസമയം തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

2016 ഫെബ്രുവരി മാസം മുതൽ വായ്പ കരാറിൽ ഏർപ്പെട്ടതിനാൽ 2016-17 വർഷം മുതൽ തിരിച്ചടവ് നടത്തേണ്ടതുണ്ട്.ഹാജരാക്കിയ വായ്പ സ്റ്റേറ്റ്മെന്റ് പ്രകാരം 14,282,823 രൂപ 2021-22 സാമ്പത്തിക വർഷം വരെ (31/03/2022 വരെ) പലിശ ബാധ്യത ഉണ്ട്. പദ്ധതി തുക ഉപയോഗിച്ച് വായ്പ തിരിച്ചടവിലേക്ക് ഒടുക്കിയ തുകയില് 14,282,823/- രൂപയും പലിശ ഇനത്തിലേക്കാണ് ബാങ്ക് വകയിരുത്തിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരം തുക തുല്യ ഗഡുക്കളായി തിരിച്ചടച്ചിരുന്നുവെങ്കിൽ വരുമായിരുന്ന പലിശ ബാധ്യത 13959000 രൂപയായിരുന്നു. തുല്യ ഗഡുക്കളായി വായ്പ തുക തിരിച്ചടച്ചിരുന്നവെങ്കിൽ ഉണ്ടാകുമായിരുന്ന വായ്പ ബാധ്യതയും തനത് ഫണ്ടിൽ നിന്നും ഒടുക്കേണ്ടിവരുമായിരുന്ന പലിശ ബാധ്യതയും താഴെ പറയും പ്രകാരമായിരുന്നു.

ആകെ വായ്പ തുക 2820000/- രൂപ

പട്ടിക.1

| വർഷം | തുല്യ വാർഷിക ഗഡു തുക | തിരിച്ചടക്കേണ്ടി വരുമായിരുന്ന പലിശ 11% നിരക്കിൽ | നീക്കി ബാക്കി |
|---|---|---|---|
| 2016-17 | 2820000 | 3102000 | 25380000 |
| 2017-18 | 2820000 | 2791800 | 22560000 |
| 2018-19 | 2820000 | 2481600 | 19740000 |
| 2019-20 | 2820000 | 2171400 | 16920000 |
| 2020-21- | 2820000 | 1861200 | 14100000 |
| 2021-22 | 2820000 | 1551000 | 11280000 |
| 2022-23 | 2820000 | 1240800 | 8460000 |
| 2023-24 | 2820000 | 930600 | 5640000 |
| 2024-25 | 2820000 | 620400 | 2820000 |
| 2025-26 | 2820000 | 310200 | 0 |
| ആകെ | 28200000 | 17061000 ** | |

മേൽ പ്രകാരം കണക്കാക്കിയാൽ 2021-22 സാമ്പത്തിക വർഷം വരെ അടക്കേണ്ട മുതൽ - 2,82,00,000/10x6 =

16,920,000 രൂപ മുതൽ ഇനത്തിലും 11% സാധാരണ പലിശ നിരക്കിൽ പലിശയും ഒടുക്കേണ്ടതാണ്.. 31-03-2022 വരെ ബാങ്ക് പലിശ ഇനത്തിൽ വകയിരുത്തിയ തുക 14,282,823/- രൂപയാണ്. മേൽ പട്ടികയിൽ വ്യക്തമാകും പ്രകാരം 2021-22 വരെ ഉണ്ടാകുമായിരുന്ന പലിശ ബാധ്യത 13959000 രൂപയാണ്. അതിനാൽ 31/03/2022 വരെ അധികമായി നൽകേണ്ടി വന്ന പലിശ തുക [14282823-13959000] 323823/- രൂപയാണ്.

2015-16 സാമ്പത്തിക വർഷം മുതൽ പ്രോജക്ട് തയ്യാറാക്കി ഭവനവായ്പ തിരിച്ചടവ് നടത്തിയിതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക. 2

| വർഷം | തൻവർഷം വാങ്ങിയ വായ്പ തുക | വായ്പ മുതൽ ബാക്കി | പ്ലാൻ ഫണ്ട് വിനിയോഗിച്ച് തിരിച്ചടച്ച തുക | നൽകേണ്ടിയിരുന്ന പലിശ | തനത് ഫണ്ട് ഉപയോഗിച്ച് തിരിച്ചടച്ച പലിശ | നീക്കിയിരിപ്പ് മുതൽ | തൻവർഷത്തെ പലിശ ബാധ്യതയിൽ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 2015-16 | 13000000 | 13000000 | 0 | 168005 | 0 | 13000000 | 168005 |
| 2016-17 | 13200000 | 26200000 | 3100000 | 2882000 | 475562 | 23100000 | 2406438 |
| 2017-18 | 2000000 | 25100000 | 3100000 | 2761000 | 1024346 | 22000000 | 1736654 |
| 2018-19 | 0 | 22000000 | 3686000 | 2420000 | 0 | 18314000 | 2420000 |
| 2019-20 | | 18314000 | 4245088 | 2014540 | 0 | 14068912 | 2014540 |
| 2021-21 | | 14068912 | 3047094 | 1547580 | 0 | 11021818 | 1547580 |
| 2021-22 | | 11021818 | 7547950 (3050000+4497950) | 1214100 | 0 | 3473868 | 1214100 |
| 2022-23 (ഓഡിറ്റ് സമയം വരെ) | | 3473868 | 3019700 | 382125 | 1291909 | 454168 | -909784 |
| ആകെ | 28200000 | | 27745832 | 13389350 | 2791817 | | 10597533 |

തനത് ഫണ്ട് വിനിയോഗിച്ച് പലിശ തിരിച്ചടവ് കൃത്യമായി നടത്തിയിട്ടില്ല എന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാകുന്നു. ആകെ (31/03/2022 വരെ)24,726,132 രൂപ വായ്പ മുതൽ തുകയും 14,99,908/- രൂപയും തനത് ഫണ്ടിൽ നിന്നും പലിശയും തിരിച്ചടവ് നടത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 4,311,609 രൂപ വായ്പ തിരിച്ചടവ് നടത്തിയിട്ടുണ്ട്. ആയതിൽ 12,91,909 രൂപ തനത് ഫണ്ടിൽ നിന്നും 3,019,700 രൂപ വികസന ഫണ്ടിൽ നിന്നുമാണ് ഒടുക്കിയിട്ടുള്ളത്. നാളിതുവരെ [24726132+3019700 ]27745832 രൂപ വികസന ഫണ്ടിൽ നിന്നും 1499908+1291909=2791817 രൂപ തനത്ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുണ്ട്. ആകെ എടുത്ത വായ്പ തുക 28200000 രൂപയാണെന്നതിനാലും വികസന ഫണ്ട് വായ്പയുടെ മുതൽ ഭാഗം തിരിച്ചടക്കുന്നതിന് വേണ്ടിയാണ് ഉപയോഗിക്കേണ്ടത് എന്നതിനാൽ പ്രസ്തുത തുക27,745,832/- രൂപ വായ്പ തുകയിൽ നിന്നും കിഴിച്ചാൽ 454,168 രൂപ മാത്രമാണ് വായ്പ മുതൽ തിരിച്ചടയ്ക്കാൻ പദ്ധതി വിഹിതം ഉപയോഗിക്കാൻ സാധ്യമാകുന്നത്. എന്നാൽ വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി-5 ഷെഡ്യൂൾ പ്രകാരം വായ്പ തുക ബാക്കി രേഖപ്പെടുത്തിയിരിക്കുന്നത് 5,924,810 രൂപയാണ്. 04/01/2023 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം (മേൽ പരാമർശിച്ച 2022-23 ലെ അടവ് 43,11,609/- രൂപയുടെ അടവിന് ശേഷം) വായ്പ മുതൽ തിരിച്ചടവ് ബാധ്യത 13,279,877 രൂപയാണ്. പലിശ ബാധ്യത യഥാകാലങ്ങളിൽ കണക്കാക്കി തനത് ഫണ്ടിൽ നിന്നും അടക്കാതിരുന്നതിനാലാണ് ജനവരി 2023 ൽ 454168 രൂപ ആയിരിക്കേണ്ട വായ്പാ ബാധ്യത13279877/- രൂപയായി ബാങ്ക് കണക്കുകളിൽ അവശേഷിക്കാൻ കാരണം. ഇതിനാൽ പഞ്ചായത്തിന് ഭീമമായ തുക പലിശയിനത്തിൽ അധിക ബാധ്യതയുണ്ടായിട്ടുണ്ട്.

2021-22 വരെ വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ തിരിച്ചടവ് തുക മുതലിലേക്ക് വകയിരുത്തുകയും തനത് ഫണ്ട് ഉപയോഗിച്ച് യഥാസമയം പലിശ ഒടുക്കിയിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന ബാധ്യത സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക. 3

2021-22 വരെ പലിശത്തുക യഥാ സമയം ഒടുക്കാത്തതിനാൽ അധികമായി നൽകേണ്ടി വരുന്ന തുക

പലിശ തുക യഥാസമയം തനത്ഫണ്ടിൽ അടക്കാതിരുന്നതിനാൽ മുതൽ തുക അടച്ചത് ബാങ്ക് പലിശയിൽ വരവ് വെക്കുകയും അതനുസരിച്ച് ബാങ്ക് കണക്കുകളിൽ കൂടുതൽ മുതൽ തുക വരികയും അതിന് വീണ്ടും പലിശ കണക്കാക്കുകയും ചെയ്യുന്നതിനാൽ പഞ്ചായത്തിനുണ്ടായ അധിക ബാധ്യതയുടെ വിശദ വിവരങ്ങൾ താഴെകൊടുക്കുന്നു.

| വർഷം | വായ്പ മുതൽ ബാക്കി | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് | ബാങ്ക് മുതലിൽ വകയിരുത്തിയ തുക | ബാങ്ക് പലിശയിൽ തൻ വർഷം വകയിരുത്തിയ തുക | മുതൽ തുക പലിശയിൽ വരവ് വെച്ച തുക (പ്രോഗ്രസീവ്) | പലിശ ഒടുക്കാത്തതിനാൽ 11 % നിരക്കിൽ അധികമായി നൽകേണ്ടി വരുന്ന തുക |
|---|---|---|---|---|---|---|---|
| 2016-17 | 28200000 | 3100000 | 25100000 | 1688987 | 1411013 | 1411013 | 00 |
| 2017-18 | 25100000 | 3100000 | 22000000 | 2893168 | 206832 | 1617845 | 155211 |
| 2018-19 | 22000000 | 3686000 | 18314000 | 1326785 | 2359215 | 3977060 | 177963 |
| 2019-20 | 18314000 | 4245088 | 14068912 | 1060825 | 3184263 | 7161323 | 437477 |
| 2021-21 | 14068912 | 3047094 | 11021818 | 0 | 3047094 | 10208417 | 787746 |
| 2021-22 | 11021818 | 7547950 (3050000+ 4497950) | 3473868 | 4930658 | 2617292 | 12825709 | 1122926 |
| 2022-23 | 3473868 | 4311609 (3019700 രൂപ മാത്രം മുതലിൽ വരവ് വെച്ചിട്ടുണ്ട്) | 454168 | 3019700 | 1291909 | 0 | 1410282 |
| ആകെ | | 29037741 | | 14920123 | 14117618 | | 4092151*** |

*** യഥാസമയം തനത് ഫണ്ടിൽ നിന്നും പലിശ ഒടുക്കാത്തതിനാൽ 4092151 രൂപ അധികമായി പലിശ ഇനത്തിൽ ഒടുക്കേണ്ടി വന്നിട്ടുണ്ട്.

സർക്കാർ നിർദ്ദേശം, ബാങ്കുമായുള്ള കരാർ എന്നിവ പ്രകാരം അതത് കാലയളവിൽ പലിശ ഒടുക്കിയിരുന്നുവെങ്കിൽ പലിശ ബാധ്യത കുറഞ്ഞ് വരുമായിരുന്നു. വികസന ഫണ്ടിൽ നിന്നും ഒടുക്കിയ തുക പലിശ ഉൾപ്പടെയുള്ള തിരിച്ചടവായാണ് ബാങ്ക് ക്രഡിറ്റ് ചെയ്തിട്ടുള്ളത്.

ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31/03/2022 വരെ പലിശ ഇനത്തിൽ 14282823 രൂപ പലിശയും 42794 രൂപ പിഴപ്പലിശയും 11900423 രൂപ മുതൽ ഇനത്തിലും ബാങ്ക് വകയിരുത്തിയിട്ടുണ്ട്. തനത് ഫണ്ട് ഉപയോഗിച്ച് യഥാസമയം വായ്പ പലിശ തിരിച്ചടവ് നടത്താത്തതിനാൽ വികസന ഫണ്ടുപയോഗിച്ച് തിരിച്ചടച്ച തുക യിലെ ഭൂരിഭാഗവും പലിശ ഇനത്തിലാണ് ബാങ്ക് വകയിരിത്തിയിട്ടുള്ളത്.

2016-17 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ തുല്യ ഗഡുക്കളായി തുക തിരിച്ചടച്ചിരുന്നുവെങ്കിൽ ആകെ നൽകേണ്ടി വരുമായിരുന്ന പലിശ (11% സാധാരണ പലിശ നിരക്കിൽ കണക്കാക്കിയാൽ) 1,70,61,000രൂപയാണ്.

എന്നാൽ നിലയിൽ 31.03.2022 വരെ 14325617 രൂപയും 04.01.2023 വരെ 15617526 രൂപയും പലിശയിനത്തിൽ നൽകി കഴിഞ്ഞു. കൂടാതെ മേൽ തിയ്യതികളിൽ മുതൽ തുക 1,62,99,577/- രൂപയും 13279877 രൂപയും തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട്.

തനത് ഫണ്ട് ലഭ്യമായിട്ടും പലിശബാധ്യത തിരിച്ചടച്ചില്ല

തനത് ഫണ്ട് ഉപയോഗിച്ച് തിരിച്ചടക്കേണ്ട ബാധ്യത തിരിച്ചടക്കാതെ 2015-16 മുതൽ 2021-22 വരെ വിവിധ പദ്ധതിക്കായി തുക വകയിരുത്തുകയും ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക. 4

| വർഷം | തനത് ഫണ്ട് ഉപയോഗിച്ചുള്ള ആകെ പദ്ധതി അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 5442242 | 2378142 |

| | | |
|---|---|---|
| 2017-18 | 6274747 | 2239721 |
| 2018-19 | 4120250 | 2611696 |
| 2019-20 | 4195200 | 542729 |
| 2020-21 | 23932833 | 14218986 |
| 2021-22 | 8936123 | 2945869 |

ഗ്രാമ പഞ്ചായത്തിന് വായ്പ തിരിച്ചടവ് പോലുള്ള ബാധ്യത നിലവിലിരിക്കെ ആയതിന് യാതൊരു തുകയും വകയിരുത്താതെ മറ്റ് പദ്ധതികൾക്കായി തുക വകയിരുത്തി ചെലവഴിച്ചത് തെറ്റായ നടപടിയാണ്.
കൂടാതെ ലോൺ തിരിച്ചടവിലേക്കായി പദ്ധതി പണം മാത്രമാണ് മുഖ്യമായും ഉപയോഗിച്ചിട്ടുള്ളത്. ത്രൈമാസ അടിസ്ഥാനത്തിൽ പലിശ കണക്കുകൾ ബാങ്കിൽ നിന്ന് വാങ്ങുകയോ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിച്ച് പലിശ തുക യഥാസമയം തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31/03/2022 വരെ 1,42,82,823 രൂപയും ആകെ പലിശ ഇനത്തിലും 42794/- രൂപ പിഴപ്പലിശയിനത്തിലും ബാങ്ക് വകയിരുത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 1291909 രൂപയടക്കം നാളിതുവരെ ആകെ 1,56,17,526/- ആകെ പലിശയിനത്തിൽ ബാങ്ക് വകയിരുത്തിയിട്ടുണ്ട്. പലിശ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.
പട്ടിക. 5

| വർഷം | തീയതി | തിരിച്ചടവ് തുക | | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വകയിരുത്തിയ മുതൽ തുക | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വകയിരുത്തിയ പലിശ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| | | പ്ലാൻ ഫണ്ട് ഉപയോഗിച്ച് അടച്ച തുക | തനത് ഫണ്ട് | | | |
| 2016-17 | 16/1/2017 | | 475562 | | 475562 | തനത് ഫണ്ട് ഉപയോഗിച്ച് ഒടുക്കി |
| | 08/02/2017 | 3100000 | | 1688987 | 1411013 | |
| 2017-18 | 30/06/2017 | | 1024346 | | 1024346 | തനത് ഫണ്ട് ഉപയോഗിച്ച് ഒടുക്കി |
| | 28/07/2017 | 3100000 | | 2893168 | 206832 | |
| 2018-19 | 05/07/2018 | 3686000 | | 1326785 | 2359215 | |
| 2019-20 | 22/10/2019 | 4245088 | | 1060825 | 3184263 | |
| 2020-21 | 31/03/2021 | 3047094 | | 0 | 3047094 | |
| 2021-22 | 08/10/2021 | 3050000 | | 1509619 | 1540381 | |
| | 31/03/2022 | 4497950 | | 3421039 | 1034117+42794 | 2021-22 വരെ അടച്ച തുകയിൽ 14282823 രൂപ പലിശയിനത്തിലേക്ക് ബാങ്ക് വകയിരുത്തി . 31/03/2022 ന് ഒടുക്കിയ തുകയിൽ 42794 രൂപ പിഴപലിശയായി ബാങ്ക് ഈടാക്കിയിട്ടുണ്ട് |
| 2022-23 | 21/12/2022 | | 1291909 | 0 | 1291909 | തനത് ഫണ്ട് ഉപയോഗിച്ച് ഒടുക്കി |
| | 04/01/2022 | 3109700 | | 3109700 | 0 | |
| | ആകെ | 27745832 | 2791817 | 15010120 | 15617526 | |

വായ്പ ബാങ്ക് 31/03/2022 വരെ ആകെ 11900423 രൂപ മുതൽ ഇനത്തിലും 14282823 രൂപ പലിശ ഇനത്തിലും 42794 രൂപ പിഴപ്പലിശയും വകയിരുത്തിയിട്ടുണ്ട്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2,4726132 രൂപ തിരിച്ചടവ് നടത്തിയതിൽ

ആയതിന്റെ 48.12% തുക മാത്രമാണ് മുതൽ ഭാഗത്തിലേക്ക് വരവ് വെച്ചിട്ടുള്ളത്. ആകെ ഒടുക്കിയി തുകയിൽ 12825709 രൂപ പലിശ ഇനത്തിലും വകയിരുത്തി. 1457111 രൂപ ഇനിയും പലിശ ഇനത്തിൽ 31/03/2022 വരെ ഒടുക്കുന്നതിന് ബാക്കിയുണ്ട്.

31/03/2022 വരെയുള്ള തിരിച്ചടവ് തുകയിൽ 2016-17, 2017-18 വർഷങ്ങളിൽ ഒടുക്കിയ 1499908 രൂപയൊഴികെ ( 475562 +1024346) ബാക്കി തുക പൂർണ്ണമായി പദ്ധതി പണം ഉപയോഗിച്ചാണ് തിരിച്ചടച്ചിട്ടുള്ളത്. തനത് ഫണ്ടിൽ ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും നിർബന്ധിത പലിശ ബാധ്യത തിരിച്ചടക്കാത്തതിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല. 31/03/2022 ന് വായ്പ മുതൽ 1,62,99,577 രൂപ ഇനിയും തിരച്ചടക്കാൻ ബാക്കി നിൽക്കുന്നു. 2016 ഫെബ്രുവരി 18 ന് ആണ് ആദ്യ ഗഡു വായ്പ തുക ലഭിച്ചതെന്നതിനാൽ 2026 ഫെബ്രുവരി മാസത്തിനകം മുഴവൻ വായ്പ തുകയും തിരിച്ചടേക്കേണ്ടതാണ്. എന്നാൽ വായ്പ തുകയുടെ 58% തുകയും ( 31/03/2022 ന് ബാക്കി തുക 1,62,99,577 രൂപ) തിരിച്ചടക്കാൻ ബാക്കിയാണ്. നാല് സാമ്പത്തിക വർഷം മാത്രമാണ് വായ്പ തിരിച്ചടവിന് ബാക്കി ലഭിക്കുന്നത്. 10 വർഷത്തിനകം തിരിച്ചടക്കേണ്ട വായ്പയുടെ 60% തിരച്ചടക്കേണ്ട സമയത്ത് 42% തുക മാത്രമാണ് തിരിച്ചടച്ചിട്ടുള്ളത്. കൂടാതെ തനത് /ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ട പലിശ തുകയായ 1,42,82,823 രൂപയും പിഴപ്പലിശ നൽകേണ്ടിവന്ന തുക 42794/- രൂപയും മുതൽ തിരിച്ചടവിലേക്ക് കണക്കാക്കിയിരുന്നുവെങ്കിൽ മുതൽ തിരിച്ചടവിനുള്ള ബാക്കി 19,73,960/- രൂപയും മാത്രമാണ് ഉണ്ടാവുമായിരുന്നത്.

2021-22 സാമ്പത്തിക വർഷത്തിൽ ബാങ്ക് ഈടാക്കിയ പിഴ പലിശ തുകയായ 42794 രൂപ ഉത്തരതവാദിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പട്ടിക 3 പ്രകാരം പരാമർശിക്കുന്ന ബാങ്ക് കാലാകാലങ്ങളിൽ കണക്കാക്കിയ പലിശയിൽ ഉൾപ്പെട്ട അധിക പലിശ 4092151 രൂപ ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28 തീയതി 13.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-46 വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽക്കിയത്- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2021-22 ഗ്രാമ പഞ്ചായത്തിൽ പരിധിയിൽ വിവിധ ഏജൻസികൾ മുഖേന വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് (നിക്ഷേപ പ്രവൃത്തികൾ) താഴെപ്പറയുന്ന പ്രോജക്റ്റുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.

1.പ്രോജക്റ്റ് നം. - 141/22

പ്രോജക്റ്റിന്റെ പേര് - അങ്കണവാടികൾക്ക് കുടിവെള്ളം എത്തിക്കൽ

അടങ്കൽ - മെയിന്റനൻസ് ഫണ്ട് (റോഡിതരം) -330000

തുക ചെലവഴിച്ചത് - ബിൽ നം.(BRN 21180452017201478112) തീയതി 30/03/2022 തുക 330000

ഏജൻസി - കേരള വാട്ടർ അതോറിറ്റി

2.പ്രോജക്റ്റ് നം. - 202/22

പ്രോജക്റ്റിന്റെ പേര് - വിവിധഅങ്കണവാടികളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ

അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് -500000

തുക ചെലവഴിച്ചത് - വൗച്ചർ നം.22101074 തീയതി 31/03/2022 തുക 500000

ഏജൻസി - കേരള വാട്ടർ അതോറിറ്റി

3.പ്രോജക്റ്റ് നം. - 302/22

പ്രോജക്റ്റിന്റെ പേര് - സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് കെഎസ്ഇബിക്ക് തുക നൽകൽ

അടങ്കൽ - വികസനഫണ്ട് - 45000

തുക ചെലവഴിച്ചത് - വൗച്ചർ നം. ലഭ്യമല്ല തീയതി 11/10/2021 തുക 43778

ഏജൻസി - കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

മേൽ പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനായി നിക്ഷേപ പ്രവൃത്തിക്കായി നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പുരോഗതി വിവരം, നിലവിലെ അവസ്ഥ, മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയവ ഹാജരാക്കേണ്ടതാണ്.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.2 തീയതി 07/01/23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-47 ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ മുഖേനയുള്ള പരിശോധന

തദ്ദേശ സ്ഥാപന സ്ഥാപനങ്ങളുടെ വിവിധ സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് ഒരു സോഫ്റ്റ് വെയറിന് കീഴിൽ എല്ലാ സേവനങ്ങളും എത്തിക്കുന്നതിന് വേണ്ടിയാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ സേവനങ്ങൾക്ക് ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ, സങ്കേതം, സൂചിക, സേവന, സചിത്രം, സകർമ്മ, സുലേഖ, സ്ഥാപന തുടങ്ങി 17 സോഫ്റ്റ് വെയറുകൾ ഒരു പ്ലാറ്റ് ഫോമിലേക്ക് എന്നതാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിലൂടെ ലക്ഷ്യം വെക്കുന്നത്. എന്നാൽ നിലവിൽ നടപ്പാക്കിയിരിക്കുന്നത് സൂചിക(എൽ.ബി) സേവന സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് മൊഡ്യൂൾ എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവ തന്നെ പൂർണ്ണമായും പ്രവർത്തന ക്ഷമമായ നിലയിലെത്തിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് മുമ്പ് വികസിപ്പിച്ച സോഫ്റ്റ് വെയറുകൾ തന്നെ ആയവ ലക്ഷ്യം വെച്ചിട്ടുള്ള നിലയിലേക്ക് എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ഇവ മുഖേനയുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിലെത്തിക്കുന്നതിന് വേണ്ടി പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കി നടപ്പാക്കുമ്പോൾ ഉണ്ടാവേണ്ട ഗുണപ്രദമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല.

1.തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് 24.08.20 ന് തുടങ്ങിയെങ്കിലും 28.09.20 നാണ് ഐ.എൽ.ജി.എം.എസ്.ഫിനാൻസ് മോഡ്യൂൾ തുടങ്ങിയത്.28..09.20വരെ സാംഖ്യയിൽ Reconciliation,web Sankhya Data Mapping,Accruel Demand,Advance Adjustment എന്നിങ്ങനെ എല്ലാ നടപടികളും പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല.

ഐ.കെ.എം.ടെക്നിക്കൽ എക്സ്പെർട്ട് ഇത്തരം നടപടികൾ ചെയ്യുന്നതിനാൽ പഞ്ചായത്ത് ജീവനക്കാർ ഇക്കാര്യം അറിയുന്നില്ല.ഇത് സംബന്ധിച്ച് ഒരു ഫയൽ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

2.പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സേവന,സാംഖ്യ,സൂചിക എന്നിവമാത്രമാണ് ഐ.എൽ.ജി.എം.എസ് ആയി ലിങ്ക് ചെയ്തിട്ടുള്ളത്.ആയതിനാൽ തന്നെ പദ്ധതിചെലവുകണക്കുകൾ Year Ending Adjustment ആയാണ് ഐ.എൽ.ജി.എം.എസ് ൽ ചെയ്യുന്നത്.ഐ.കെ.എം ന്റെ സഹായത്തോടെ മാത്രമാണ് ഇത്തരം അഡ്ജസ്ററ് മെന്റുകൾ ചെയ്യാൻ കഴിയുന്നുള്ളു.

3.ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൌണ്ടിലേക്കാണ് പോകുന്നത്.ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ ജേർണൽ എൻട്രി വഴി യാണ് ഐ.എൽ.ജി.എം.എസിൽ വരവു വരുത്തുന്നത്. അതായത് സഞ്ചയയിൽ വരുന്ന തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസംവരുന്നു.

4.ഐ.എൽ.ജി.എം.എസ് ആക്കിയതിന് ശേഷം അക്ഷയസെന്ററുകളിലൂടെ ഈടാക്കുന്ന ഫീസുകൾ നാളിതുവരെയും പഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ വരവ് വന്നിട്ടില്ല. നിലവിൽ 20000 ലധികം തുക ഈ ഇനത്തിൽ ലഭ്യമാകാനുണ്ട്

5.മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഐ.എൽ.ജി.എം.എസ് ൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഐ.എൽ.ജി.എം.എസിലേക്ക് മാറിയപ്പോൾ ഉള്ള മുൻബാക്കി,പിന്നീട് വരവ് വന്ന രശീതുകളുടെ വിവരം എന്നിവ ചേർക്കാത്തതിനാൽ ഐ.എൽ.ജി.എം.എസ് ലെ മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല.

6.ട്രയൽ ബാലൻസ്,ജേർണൽ റിപ്പോർട്ട്,ക്യാഷ് ബുക്ക് സമ്മറി.ബാലൻസ് ഷീറ്റ് ,ബാങ്ക് ബുക്ക് ,ഫ്രണ്ട് ഓഫീസ് ഡയറി,ചിട്ട,ഡേ ബുക്ക്,ഇൻകം ആൻഡ് എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ് ,റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,ഹെഡ് വൈസ് റിപ്പോർട്ട് ,സ്റ്റാഫ് ഡ്യൂട്ടി ബുക്ക്,ഫണ്ട് ട്രാൻസ്ഫർ,മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നത്.ഓഡിറ്റിന് വേണ്ട ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ ,ചെക്ക് ഇഷ്യൂരജിസ്റ്റർ,ബിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ,ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,ആസ്തിരജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ,കണ്ടിജന്റ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ ,നികുതി,നികുതിയേതരവരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ,ബാലൻസ് റിപ്പോർട്ടുകൾ ,എന്നിവയൊന്നും ഐ.എൽ.ജി.എം.എസിൽ ഇല്ല.

7.Receipt Voucher,Payment Voucher,Contra Voucher,Journal Voucher എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നില്ല.

8.ഐ.എൽ.ജി.എം.എസിലെ പല റിപ്പോർട്ടുകളും കിട്ടുന്നില്ല.

ഉദാ:-പേഴ്സണൽ രജിസ്റ്റർ,

മെസ്സേജ് ബുക്ക്

സ്റ്റാറ്റസ് റിപ്പോർട്ട്

9.Interrupted Receipts ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ILGMS -ൽ രേഖപ്പെടുത്താൻകഴിയുന്നില്ല.

10.Email ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

11.ഡേ ബുക്ക് റിപ്പോർട്സ്

മേൽ റിപ്പോർട്സ് എടുക്കുമ്പോൾ റിപ്പോർട്ടിൽ തീയതി വെച്ചുള്ള ക്ലോസിംഗ് വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് കൊണ്ട് ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് സംബന്ധിച്ച് പരിശോധന സാധ്യമല്ല. തുക ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്ത് നോക്കി ILGMS സോഫ്റ്റ് വെയറിൽ അതത് ദിവസമോ,

മാസാന്ത്യമോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലില്ല.

ബാങ്ക് ബുക്ക്

നിലവിൽ ബാങ്ക് റിപ്പോർട്ട് View ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഓഡിറ്റർക്ക് ലഭ്യമായിട്ടുള്ളത്. ബാങ്ക് ബുക്ക് ലഡ്ജർ റസീപ്റ്റ് , പേമെന്റ്, കോൺട്ര എൻട്രികളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് തെരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന പക്ഷം ഇവയുടെ പരിശോധന നടത്താൻ സാധിക്കും.

നിലവിൽ ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ILGMS സോഫ്റ്റ് വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

12.ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമല്ല.

നൽകിയ ചെക്കുകളുടെയും പിൻവലിക്കലുകളുടെയും വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ചെക്ക് ഇഷ്യൂ രജിസ്റ്റർ റിപ്പോർട്ടുകളിൽ ലഭ്യമല്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററുകളിൽ വൗച്ചറുകളുടെ നമ്പർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിലവിൽ അക്കൗണ്ടുകളിൽ ചെക്ക് നമ്പറുകൾ ചെക്കുകൾ നൽകുന്ന സമയത്ത് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന രീതിയാണുള്ളത്. ഇതിന് പകരം ചെക്ക് ബുക്കുകൾ ലഭിക്കുന്ന സമയത്ത് തന്നെ ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകൾ (രശീത് ബുക്കുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്ന രീതിയിൽ ) രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് മുഖേന ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നതാണ്.

13.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന് ലഭിച്ച ചെക്കുകളുടെയും ഡ്രാഫ്റ്റുകൾ പണമായി മാറിയത് പരിശോധിക്കുന്നതിനും റിക്കൺസിൽ ചെയ്യുന്നതിനുമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ റിക്കൺസിൽ ചെയ്യേണ്ടതും ആയതിന് സെക്രട്ടറി അംഗീകാരം നൽകേണ്ടതുമാണ്. വാർഷിക കണക്കുകൾ സമർപ്പിച്ചതിന് ശേഷം തിരുത്തലുകൾ വരുത്തുന്ന രീതി നിയന്ത്രിക്കേണ്ടതുമാണ്.

14.രശീതുകളുടെ ക്യാൻസലേഷൻ

മുൻവർഷം നൽകിയ രശീതുകൾ തുടർവർഷങ്ങളിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വാർഷിക കണക്കുകൾ സമർപ്പിച്ചതിനു ശേഷവും രശീതുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നില നിൽക്കുന്നത് തെറ്റായ നടപടിക്രമമാണ്.

15.ലഡ്ജർ ബുക്കുകൾ

ഓഡിറ്റ് മൊഡ്യൂളുമായി ബന്ധപ്പെടുത്തി നൽകിയിട്ടുള്ള ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ് മെന്റ് , രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവയോടൊപ്പം ലിങ്ക് നൽകിയിട്ടുള്ള ലഡ്ജർ ബുക്ക് പരിശോധിക്കുമ്പോൾ ഭൂരിഭാഗവും ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പരിശോധിക്കാൻ സാധിക്കുന്നില്ല.

16.വ്യവസായം, വാണിജ്യം, സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ്

തദ്ദേശ സ്ഥാപന അധികാര പരിധിയിൽ വ്യവസായങ്ങളോ വാണിജ്യ സ്ഥാപനങ്ങളോ മറ്റ് സ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് വേണ്ടി ലൈസൻസിന് അപേക്ഷ നൽകിയവരുടെയും , ലൈസൻസ് നേടിവരുടെയും , മുൻകാലങ്ങളിൽ ലൈസൻസ് ലഭിച്ച് തൻവർഷം പുതുക്കിയവരുടെയും , മുൻവർഷങ്ങളിൽ ലൈസൻസ് ലഭിച്ചവരും എന്നാൽ തൻവർഷം പുതുക്കാത്തവരുമായ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭിക്കാനുള്ള സൗകര്യം നിലവിലില്ല. മേൽ പ്രകാരമുള്ള സ്ഥാപനങ്ങൾ വ്യക്തികൾ ലൈസൻസ് ഫീസ്, മറ്റ് അനുബന്ധ നികുതികളും ഫീസുകളും ഒടുക്കിയതിന്റെ റിപ്പോർട്ടുകളും ലഭിക്കുന്നില്ല. ഇവ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നത് അല്ലെങ്കിൽ അംഗീകാരം നൽകുന്ന സംവിധാനം നിലവിലില്ല.

17.തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ് , എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

18.വസ്തു നികുതി (സഞ്ചയ സോഫ്റ്റ് വെയർ)

സഞ്ചയ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. മേൽ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ തന്നെ ഇത് പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തു നികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

19.കെട്ടിട നിർമ്മാണ അനുമതി - കെട്ടിട നിർമ്മാണ ക്രമവത്കരണം ( സങ്കേതം സോഫ്റ്റ് വെയർ)

കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ് വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. ഓരോ അപേക്ഷകനും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ് വെയർ നിലവിൽ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ് വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ് വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണ അപേക്ഷ സ്വീകരിക്കുമ്പോൾ കെട്ടിട നിർമ്മാണ അനുമതി ഫീസ് ഈടാക്കുന്നതിന് ആയതിന്റെ ഡിമാന്റ് നമ്പർ ചേർക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഡിമാന്റ് നമ്പർ ചേർക്കാതെ തന്നെ ഫീസ് ഈടാക്കുന്നതിനും അനുമതി നൽകുന്നതിനും ഈ സോഫ്റ്റ് വെയർ മുഖേന സാധിക്കുന്നു.

20. പണം പിരിവ് , ഒടുക്കൽ, പിൻവലിക്കൽ എന്നിവയുടെ പരിശോധന

തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ് വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക് ബുക്ക് , ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ് വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

21.സ്റ്റോക്ക് രജിസ്റ്റർ

വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റർക്ക് റിപ്പോർട്ട് രൂപത്തിൽ ലഭിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല.

22.ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യാക്കിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുള്ള ചെക്കുകൾ ഏതെങ്കിലും കാലാവധിക്കുള്ളിൽ പണമായി മാറാതിരുന്നിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭിക്കുന്നില്ല. ഇത്തരം ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത് സംബന്ധിച്ച സൗകര്യങ്ങളോ മൊഡ്യൂളുകളോ ഇല്ല. അത് പോലെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചുട്ടുള്ള ചെക്കുകളോ ഡ്രാഫ്റ്റുകളോ പണമായി മാറാൻ സാധിക്കാത്ത സ്ഥിതി വന്നാൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമല്ല. ഇതിൻമേൽ സ്വീകരിച്ചിട്ടുള്ള നിയമ നടപടികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താനുള്ള മൊഡ്യൂളുകൾ ഏർപ്പെടുത്തിയിട്ടില്ല.

23.അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഡിമാന്റ് ഇല്ലാതെ തന്നെ പണം സ്വീകരിക്കാൻ സാധിക്കുന്നു.

അക്രൂവൽ അടിസ്ഥാനത്തിൽ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്ന നികുതി നികുതിയേതര വരുമാനങ്ങൾ വാർഷികാരംഭത്തിൽ തന്നെ ഡിമാന്റ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഈ സോഫ്റ്റ് വെയറിൽ ഡിമാന്റ് ഇല്ലാതെ തന്നെ തുക സ്വീകരിച്ച് വർഷാവസാനം ഡിമാന്റ് ജേർണൽ എൻട്രി മുഖേന ഡിമാന്റ് ചെയ്ത് വാർഷിക കണക്ക് തയ്യാറാക്കുന്നു.

ഉദാഹരണമായി - വസ്തു നികതി 2021 ഏപ്രിൽ മാസം മുതൽ സ്വീകരിച്ചിരുന്നുവെങ്കിലും വസ്തു നികുതി ഡിമാന്റ് ചെയ്യുന്നത് 31/03/2022 ന് മാത്രമാണ്. ജേർണൽ നമ്പർ 42100622, 42100623 എന്നിവ വസ്തു നികുതി ഡിമാന്റ്

രേഖപ്പെടുത്തിയത് 31/03/2022ന് ആണ് എന്ന് വ്യക്തമാക്കുന്നു. കെട്ടിട വാടക തുടങ്ങിയവയും പ്രസ്തുത ദിവസമാണ് ഡിമാന്റിൽ വരുത്തിയിരിക്കുന്നത്.

ജേർണൽ നമ്പർ 42100629 തീയതി 31.03.2022 പ്രകാരം ILGMS ൽ ഉൾപ്പെടുത്താത്തതും ഔട്ട് ഡോർകളക്ഷൻ മുഖേന പിരിച്ചെടുത്തതുമായ കെട്ടിട വാടക തുക ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ നിന്നും ഏകദേശം തുല്യ തുകയായി ഗാർഹിക കെട്ടിടങ്ങളുടെ നികുതി 116497, ഗാർഹികേതര കെട്ടിടങ്ങളുടെ നികുതി 116498 രൂപ എന്നിങ്ങനെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലാണ് നികുതി പിരിച്ചത് എന്ന് സാധൂകരിക്കുന്നതിനാവശ്യമായ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ഇത് സോഫ്റ്റ് വെയർ കൺട്രോൾ കൃത്യതയില്ലാത്തതിനെ സൂചിപ്പിക്കുന്നു.

മേൽ സാഹചര്യത്തിൽ നിന്നും വ്യക്തമാക്കുന്നത് ഏത് സമയത്തും യുക്താനുസരണം ക്രമീകരണങ്ങൾ വരുത്താവുന്ന നിലയിലാണ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത് എന്നാണ്.

24.മുൻവർത്തെ നീക്കി ബാക്കി, അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ് എന്നിവ തൻവർഷം ഡിമാന്റ് ചെയ്യുന്നതിന് ജേർണൽ എൻട്രി രേഖപ്പെടുത്തേണ്ടി വരുന്നു.

മുൻവർഷത്തെ നീക്കി ബാക്കി, അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ്, ബാധ്യത തുടങ്ങിയവ തൊട്ടടുത്ത സാമ്പത്തിക വർഷത്തെ ഡിമാന്റ്, ബാധ്യത, നീക്കി ബാക്കി ഇനത്തിൽ ഓട്ടോ ജനറേറ്റഡ് ആയി വരേണ്ടത് ഒരു സോഫ്റ്റ് വെയറിന്റെ കൃത്യതക്ക് അനിവാര്യമാണ്. ഈ സോഫ്റ്റ് വെയറിൽ മേൽ പറഞ്ഞവ ഉദ്യോഗസ്ഥരോ, ഐ.കെ.എം ജീവനക്കാരോ നേരിട്ട് ജേർണൽ എൻട്രി വഴി തൻവർഷത്തെ കണക്കിൽ ഉൾപ്പെടുത്തുന്നു. ഇത് കൃത്യമല്ലാത്ത കണക്കുകൾ രേഖപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടക്കുന്നു.

25. വിവിധ നികുതി ഇനങ്ങൾ ഈടാക്കുമ്പോൾ നികുതി നിരക്ക് രേഖപ്പെടുത്തേണ്ടി വരുന്നു

ജി.എസ്.റ്റി, ടി.ഡി.എസ് തുടങ്ങിയവ ഈടാക്കുമ്പോൾ ആയതിന്റെ നിരക്ക്, തുക തുടങ്ങിയവ ഈടാക്കുന്ന സമയത്ത് നേരിട്ട് രേഖപ്പെടുത്തിയാണ് ഈടാക്കുന്നത്. വിവിധ ഇനം സാധനങ്ങൾക്ക് പ്രത്യേക നിരക്ക് ആയതിനാൽ തെറ്റായ നികുതി ഈടാക്കുന്നതിന് സാധ്യത കൂടുന്നു. സോഫ്റ്റ് വെയർ സംവിധാനത്തിൽ തന്നെ ആയതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതായുണ്ട്.

26.ലൈസൻസ് നൽകൽ

വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് വേണ്ടി ലൈസൻസ് നൽകുമ്പോൾ ലൈസൻസ് നേടിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും തൊട്ടടുത്ത വർഷങ്ങളിൽ മുൻവർഷം ലൈസൻസ് ലഭിച്ച സ്ഥാപനങ്ങളിൽ തുടർവർഷം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ വിവരം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഇത് പരിഹരിക്കേണ്ടതാണ്.

26.ബഡ്ജറ്റ്.

ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ ഈ സോഫ്റ്റ് വെയറിൽ ലഭ്യമാക്കിയിട്ടില്ല. വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ് വെയർ സംവിധാനത്തിൽ ബഡ്ജറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാവുകയും ആയത് വരവ് ചെലവ് നടത്തുന്ന ഹെഡ്ഡുകളിലേക്ക് നേരിട്ട് ബന്ധപ്പെടുത്തുകയും ചെയ്യുന്നത് ഓരോ പ്രത്യേക ഹെഡ്ഡിലും വകയിരുത്തിയതിനേക്കാൾ അധിക ചെലവ് ഉണ്ടാവുന്ന സാഹചര്യം തടയാൻ സാധിക്കും. ഏതെങ്കിലും ഇനത്തിൽ അധിക ചെലവ് നടത്തേണ്ട സാഹചര്യം വരുമ്പോൾ റിവൈസ്ഡ് ബഡ്ജറ്റ് അവതരിപ്പക്കുന്നതിന് സഹായകമാകുന്നതാണ്. കൂടാതെ ബഡ്ജറ്റിലെ ഹെഡ്ഡുകളും വാർഷിക കണക്കിലെ ഹെഡ്ഡുകളും തമ്മിൽ വ്യത്യാസമുള്ളതിനാൽ ഓരോ ബഡ്ജറ്റ് ഹെഡ്ഡിലേയും ചെലവുകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധ്യമാകാത്ത സാഹചര്യമാണ് ഉണ്ടാകുന്നത്. ബഡ്ജറ്റ് ഹെഡ്ഡുകൾക്കനുസൃതമായി വാർഷിക കണക്കിലെ വരവ് ചെലവ് ഹെഡ്ഡുകൾ മാറ്റം വരുത്തേണ്ടതാണ്.

മേൽപ്പറഞ്ഞത് കൂടാതെ റിവൈസ്ഡ് ബഡ്ജറ്റ് അവതരിപ്പിച്ചതിന് ശേഷവും പ്രസ്തുത സാമ്പത്തിക വർഷത്തിലെ പദ്ധതികൾ ഡി.പി.സി അംഗീകാരത്തോടു കൂടി തന്നെ പുതുക്കി പുതിയ പദ്ധതികൾ തയ്യാറാക്കി ചെലവഴിക്കുന്നു. പ്രസ്തുത പദ്ധതികൾ ബഡ്ജറ്റ് പ്രകാരം തുക വകയിരുത്തിയതിനനുസൃതമാണ് എന്ന് പരിശോധിക്കാത്തതിനാൽ പല ഘട്ടങ്ങളിലും ബഡ്ജറ്റിനെ അധികരിച്ച് ചെലവ് ഉണ്ടാകുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ അറിവിലേക്കായും വിശദമായ മറുപടി ലഭ്യമാക്കുന്നതിനുമായി ശ്രദ്ധയിൽ പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പിരിച്ചുവിട്ട ജീവനക്കാരന് ഉപജീവനബത്ത നൽകിയത് ക്രമവിരുദ്ധം

തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ 13.05.10 മുതൽ ക്ലാർക്ക് തസ്തികയിൽ ജോലിചെയ്തിരുന്ന ശ്രീ.ജോസഫ്.കെ.ജെ എന്നയാളെ വയനാട് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.05.13 ലെ എ.8/3435/2006 നമ്പർ ഉത്തരവ് പ്രകാരം 01.06.13 തീയതി പ്രാബല്യത്തിൽ സേവനത്തിൽനിന്ന് പിരിച്ചുവിട്ടു.തുടർന്ന് പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടറുടെ 24.03.14 ലെ ഡി.1-41755/07 നമ്പർ ഉത്തരവ് പ്രകാരം പിരിച്ചുവിട്ട ഉത്തരവ് റദ്ദ് ചെയ്ത് 24.06.13 തീയതി പ്രാബല്യത്തിൽ സസ്പെൻഷൻ ആക്കിമാറ്റിയിരുന്നെങ്കിലും തദ്ദേശസ്വയംഭരണവകുപ്പിന്റെ സ.ഉ.(സാധാ)നം 1237/2016/ത.സ്വ.ഭ.വ തീയതി 11.03.2016 പ്രകാരം 24.06.13 തീയതി പ്രാബല്യത്തിൽ തന്നെ സർവീസിൽ നിന്നും നീക്കം ചെയ്തിരുന്നു.പ്രസ്തുത ഉത്തരവ് 18.08.16 ന് ശ്രീ.ജോസഫ്.കെ.ജെ നേരിട്ട് കൈപ്പറ്റിയതായി പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ 24.11.21 ലെ എ8/3435/2006 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.11.03.2016 ലെ സർക്കാർ ഉത്തരവ് പ്രകാരം സർവീസിൽനിന്നും നീക്കം ചെയ്ത ശ്രീ.ജോസഫ് .കെ.ജെ ക്ക് 31.08.21 വരെ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽനിന്നും ഉപജീവനബത്ത നൽകിയിട്ടുണ്ട്.പഞ്ചായത്ത് ഭരണസമിതിയുടെ 10.02.22 ലെ 16(2) നമ്പർ തീരുമാനപ്രകാരം ,ശ്രീ.ജോസഫ്.കെ.ജെ.തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ നിന്നും 01.06.13 മുതൽ 31.08.21 വരെ കൈപ്പറ്റിയ 1260256 രൂപയും പലിശയും തിരിച്ചുപിടിക്കാൻ തീരുമാനിച്ചിട്ടുണ്ട്.ഓഡിറ്റ് എൻക്വയറി നം.12/21-22/10.01.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ തുക തിരിച്ചുപിടിക്കാൻ റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചതായും നടപടികൾക്കെതിരെ ശ്രീ .ജോസഫ് ഹൈക്കോടതിയിൽ WP(C)29148/2022 നമ്പർ കേസ് ഫയൽ ചെയതിട്ടുണ്ടെന്നും കേസിൽ 10.01.23 വരെ ,റവന്യൂറിക്കവറി നടപടികൾക്കെതിരെ സ്റ്റേ ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. സർക്കാർ ഉത്തരവ് പ്രകാരം പിരിച്ചുവിട്ട ജീവനക്കാരന് നൽകിയ ഉപജീവനബത്ത തിരിച്ചുപിടിക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്.

2021-22 ൽ നൽകിയ തുക ഇപ്രകാരമാണ്

| ക്രമനമ്പർ | വൗച്ചർനമ്പർ/ തീയതി | തുക |
|---|---|---|
| 1 | 400001/09.04.21 | 22025 |
| 2 | 42100175/28.06.21 | 66075 |
| 3 | 42100424/01.10.21 | 66075 |
| | ആകെ | 154175 |

154175 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.തുക അനുവദിച്ച സെക്രട്ടറിയിൽനിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.മുൻവർഷങ്ങളിൽ അനുവദിച്ച തുകയും ഈടാക്കി അറിയിക്കേണ്ടതാണ്.

### 3-2 സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാലും കൺസോളിഡേഷൻ കുറക്കാത്തതിനാലും അധികച്ചെലവ് .

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിൽ താഴെപ്പറയുന്ന പ്രവൃത്തിയിൽ സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവും കൺസോളിഡേഷനും കുറവ് വരുത്തിയിട്ടില്ല.

പ്രോജക്ട് നമ്പർ-68/22

പ്രോജക്ട്- പോത്തുമൂല മാനിക്കൊല്ലി റോഡ് മൺപണി കൾവർട്ട്

നിർവഹണം-അസി എഞ്ചിനീയർ

അടങ്കൽ-800000

ഫണ്ട്-മെയിന്റനൻസ് ഫണ്ട് (റോഡ്)

വൗച്ചർ നമ്പർ-82/21-22/14.03.22

അളവുപുസ്തകം-281/21-22/pages 1-26

എസ്റ്റിമേറ്റിലെ ക്രമനമ്പർ 1 പ്രകാരം സൈഡ് പ്രൊട്ടക്ഷനുവേണ്ടി 51.94 ഘന മീറ്ററും കൾവെർട്ടിനുള്ള എസ്റ്റിമേറ്റിലെ ക്രമനമ്പർ 1 പ്രകാരം 32.5 ഘന മീറ്ററും മണ്ണ് കട്ട് ചെയ്തിട്ടുണ്ട്.എസ്റ്റിമേറ്റിലെ ക്രമനമ്പർ 1(4) പ്രകാരം 299.6ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് 5% മാത്രം കൺസോളിഡേഷൻ കുറച്ചതിന് ശേഷം തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവും നിയമാനുസൃതം കുറക്കേണ്ട കൺസോളിഡേഷനും കുറവ്

വരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10 /21-22/09.01.23 ന് നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ കട്ട് ചെയ്ത മണ്ണ് ഉപയോഗിക്കാൻ കഴിയാത്തതായിരുന്നു എന്നും മണ്ണ് നന്നായി ഒതുക്കിയതിനാൽ കൺസോളിഡേഷൻ കുറച്ചില്ലയെന്നും അറിയിച്ചു.ഇത് തൃപ്തികരമല്ല.കട്ട് ചെയ്തമണ്ണ് ഉപയോഗശൂന്യമാണ് എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.മണ്ണ് അമരുമ്പോൾ കുറക്കേണ്ട കുറവ് വരുത്താത്തതിന് റോളർ ഉപയോഗിച്ച് അമർത്തി ഒതുക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.എസ്റ്റിമേറ്റിൽ 10% കുറവ് കാണിച്ചത് പോലും കുറവ് വരുത്തിയിട്ടില്ല.

299.6 മീറ്റർ നിറച്ചതിന് 5% കൺസോളിഡേഷൻ കുറച്ച് 284.6 M2 നിറച്ചതിന്

ഘ.മീറ്ററിന് 250 രൂപ നിരക്കിൽ 71152.5 രൂപ നൽകിയിട്ടുണ്ട്.യഥാർത്ഥത്തിൽ നൽകാവുന്നത് ഇപ്രകാരമാണ്.

നിറച്ച മണ്ണ്-299.6

കുറക്കുക കൺസോളിഡേഷൻ20%-59.92

സൈറ്റിൽ ലഭ്യമായ മണ്ണ്-84.44

ബാക്കി-155.24

നൽകാവുന്ന തുക-155.24x250=₹38810

നൽകിയ തുക-284.6x250= ₹71152.5

അധികം നൽകിയ തുക=₹32342.5

₹32342.5 യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് പമ്പ്സെറ്റ് അനുവദിച്ചു

പ്രോജക്റ്റ് നമ്പർ-64/21-22

പ്രോജക്റ്റ്-ജലസേചന പമ്പ് സെറ്റും അനുബന്ധഉപകരണങ്ങളും

അടങ്കൽ-197500/-

ചെലവ്-193925/-

ഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം

നിർവ്വഹണഉദ്യോഗസ്ഥൻ-കൃഷിഓഫീസർ

പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗ്രാമസഭാ ലിസ്റ്റിൽ ഇല്ലാത്ത വ്യക്തികൾക്ക് ജലസേചനത്തിനായി പമ്പ്സെറ്റിന് സബ്സിഡി തുക കൈമാറിയതായി കാണുന്നു.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ നമ്പർ /തിയ്യതി |
|---|---|---|
| ചന്ദ്രശേഖരപിള്ള | 10000 | 14/18-3-2022 |
| മധുലാൽ കെ.പി | 10000 | 14/18-3-2022 |
| കമലാക്ഷി.പി. | 10000 | 14/18-3-2022 |
| ഗംഗാധരൻ എ ഡി | 6750 | 14/18-3-2022 |
| വത്സല.കെ.എൻ | 9450 | 14/18-3-2022 |
| മേരി ജോർജ്ജ് | 9750 | 14/18-3-2022 |
| | 55950/- | |
| പവിത്രൻ.വി.എൻ | 10000 | 15/24-3-2022 |
| വിജയൻ.എം | 8450 | 15/24-3-2022 |
| ലിസാജ്.ടി.പി. | 9700 | 13/24-3-2022 |
| ആകെ | 84100/- | |

ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ധനസഹായം നല്കിയതിന് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ്

എൻക്വയറി 28/21-22/13-1-23ക്ക് വിശദീകരണം നല്കിയില്ല. ഈ സാഹചര്യത്തിൽ തുക ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 9/1/2023 മുതൽ 11/01/2023 | ഇതേ ഓഡിറ്റ് റിപ്പോർട്ട് നമ്പറും തീയതിയും |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1042400 | സമഗ്ര നെൽകൃഷി വികസം, കൂലിചെലവ് | 1042400 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 261600 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 261600 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 520000 | ലൈഫ് ഭവന പദ്ധതി ജനറൽ | 520000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 4990000 | ലൈഫ് ഭവന പദ്ധതി ടി.എസ്.പി | 4990000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 473000 | ലൈഫ് ഭവന പദ്ധതി-എസ്.സി.പി | 473000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1600000 | സമഗ്ര നെൽകൃഷി വികസം, കൂലിചെലവ് | 1600000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 199200 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 199200 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 3470101 | ലൈഫ് ഭവന പദ്ധതി ടി.എസ്.പി | 3470101 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 80000 | ലൈഫ് ഭവന പദ്ധതി-എസ്.സി.പി | 80000 | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പഞ്ചായത്ത് ഓഫീസിൽ കുഴൽ കിണർ | 22101217/ 28.01.2022 | 88950 | 88950 | |
| ഭൂജല വകുപ്പ് | ജലജീവൻ മിഷന് വിഹിതം നൽകൽ | 22101218/ 28.01.2022 | 200000 | 200000 | |
| ഭൂജല വകുപ്പ് | അങ്കണവാടികളിലേക്ക് കുടിവെള്ളം എത്തിക്കൽ | 22101398/ 26.03.2022 | 330000 | 330000 | |
| ഭൂജല വകുപ്പ് | വിവിധ അങ്കണവാടികളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 22101074/ 31.03.2022 | 500000 | 500000 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| റൂറൽ ഹൗസിംഗ് | സ.ഉ(എം.എസ്) നം.83/13 /തസ്വഭവ തീയതി 11.03.2013 | 28200000 | 21230235 | 4930658 | 2574498 | 16299577 |
| ഹഡ്കോ ഭവന വായ്പ | ഇത് സംബന്ധിച്ച കൃത്യമായ രജിസ്റ്ററുകളോ മറ്റ് രേഖകളോ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വിശദമായ പരിശോധന സാധ്യമായിട്ടില്ല. | | | | | |

- റൂറൽ ഹൗസിംഗ് പദ്ധതി വായ്പ തിരിച്ചടവ് സംബന്ധിച്ച് പ്രത്യേക ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

## 4-7 ഓഡിറ്റ് റിക്കവറി

ഹാജരാക്കിയ വാർഷിക കണക്കുകൾ പ്രകാരം തൻവർഷം ഈ ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3.89.1 | 2006-2007 | | ജീവനക്കാർ തൊഴിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കാത്തത് | ലോക്കൽ അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം അപ്പീൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| 2015-16, 2016-2017 | | 2017-18 | അനുബന്ധം-5 ക്രമ നം. 5 | ബാവലി ടൗ ൺ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃതകരാർ ചമയ്ക്കാത്തത് | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകിയിട്ടുണ്ട് |
| 2015-16- | 2-5 | 2016-17 | 2.5 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ തൻവർഷം തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 224,477,989 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 226,513,102 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 270617/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4249166/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 154175 | ശ്രീ.അനിൽകുമാർ.എൻ,സെക്രട്ടറി |
| 3-2 | | 32342.5 | ശ്രീ.കുഞ്ഞമ്മദ്.കെ.പി,അസി.എഞ്ചിനീയർ |
| 3-3 | | 84100.00 | ശ്രീമതി ആൻസ അഗസ്റ്റിൻ കൃഷി ഓഫീസർ |
| ആകെ | | 270617/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 110000/- | ഡോ ജയേഷ്.വെറ്ററിനറി സർജൻ |
| 1-21 | 99996 | ഡോ ജയേഷ് ,വെറ്ററിനറി സർജൻ |
| 1-23 | 66000 | ശ്രീമതി സജിത കെ.കെ .ഹെഡ്മാസ്റ്റർ |
| 1-24 | 200000 | ശ്രീമതി ആൻസ അഗസ്റ്റിൻ കൃഷി ഓഫീസർ |
| 1-25 | 2850000 | രജീഷ്,വി.എസ് വി ഇ ഒ |
| 1-27 | 889170 | രജീഷ് .വി.എസ് വി ഇ ഒ |
| 1-30 | 34000 | ഡോ. അജിത് അഗസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 1-31 | 27000 | ഡോ. അജിത് അഗസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| ആകെ | 4249166 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനിൽകുമാർ.എൻ,സെക്രട്ടറി | സെക്രട്ടറി,എടവക ഗ്രാമപഞ്ചായത്ത് | പെരുകോട്ട് ഹൗസ്, പെരുവക, ആറാട്ടുത്തറ പി.ഒ. മാനന്തവാടി |
| ശ്രീ.കുഞ്ഞമ്മദ്.കെ.പി,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,തിരുനെല്ലി ഗ്രാമപഞ്ചായത്ത് | കല്ലമ്പുറത്ത്, എടവക പി.ഒ. വയനാട് |
| ശ്രീ. ഡോ. അജിത് അഗസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ | മാളോത്ത് ഹൗസ് തെള്ളകം, കോട്ടയം |
| ശ്രീമതി ആൻസ അഗസ്റ്റിൻ കൃഷി ഓഫീസർ | കൃഷി ഓഫീസർ, കാട്ടിക്കുളം | മാതാസദനം, പുത്തൻകട, തിരുപുറം പി. ഒ. തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.(ഡബ്ള്യ).പി.5/622(2)/14 18.04.15 | 2 |
| 1998-99 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി3/592/03 തീയ്യതി 17.11.2022 | 4 |
| 2002-03 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി3/163/2007 തീയ്യതി 17.11.2022 | 2 |
| 2003-04 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി3/496/2008 തീയ്യതി 17.11.2022 | 4 |
| 2005-06 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി3/486/2009 തീയ്യതി 17.11.2022 | 1 |
| 2006-07 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി3/490/2009 തീയ്യതി 17.11.2022 | 1 |
| 2007-08 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി3/980/2010 തീയ്യതി 17.11.2022 | 7 |
| 2008-09 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി3/713/2011 തീയ്യതി 17.11.2022 | 3 |
| 2009-10 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി3/714/2011 തീയ്യതി 17.11.2022 | 1 |
| 2010-11 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി3/192/2012 തീയ്യതി 17.11.2022 | 2 |
| 2011-12 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി2/570/2013 തീയ്യതി 17.11.2022 | 5 |
| 2012-13 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി5/713/14 തീയ്യതി 17.11.2022 | 5 |

| | | |
|---|---|---|
| 2013-14 | കെഎസ്എഡബ്ല്യൂ.വൈ.ഡി.-പി4/478/15 തീയ്യതി 17.11.2022 | 7 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.-പി4/372/2016 തീയ്യതി 17.11.2022 | 9 |
| 2015-16 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി4/848/16 തീയ്യതി 17.11.2022 | 6 |
| 2016-17 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി4/367/17 തീയ്യതി 17.11.2022 | 13 |
| 2017-18 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-40/2019 തീയ്യതി 17.11.2022 | 14 |
| 2018-19 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-118/2020 തീയ്യതി 17.11.2022 | 2 |
| 2019-2020 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-436/2021 തിയ്യതി 07/02/2022 | 20 |
| 2020-21 | കെ.എസ്.എ/ഡബ്ല്യൂ.വൈ.ഡി/പി-4/606/22 തീയ്യതി 23/07/2022 | 27 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

# Abstract of Annual Financial Statement



Thirunelly Grama Panchayat

Receipt and Payment Report

| For the period from 01-04-2021 to 31-03-2022 | | | |
|---|---|---|---|
| **Code** | **Head Account** | **Schedule No.** | **Current Year Amount (Rs.)** |
| Opening Balance | | | |
| 450000000 | Cash and Bank balance | RP-40(a) | 24,546,562.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,650,450.00 |
| 130000000 | Head 3 | RP-3 | 7,200.00 |
| 140000000 | Fees & User Charges | RP-4 | 1,236,387.00 |
| 150000000 | Sale & Hire Charges | RP-5 | 347,414.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 136,998,213.00 |
| 171000000 | Interest Earned | RP-9 | 171,999.00 |
| 190000000 | Prior Period Income | RP-11 | 126,600.00 |
| 311000000 | Earmarked Funds | RP-28 | 13,955.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 76,639,144.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5,783,076.00 |
| Non-Operating | | | |
| 180000000 | Other Income | RP-10 | 6,810.00 |
| 340000000 | Deposits Received | RP-33 | 381,350.00 |
| 350000000 | Other Liabilities | RP-35 | 1,115,391.00 |
| | **Total :** | | **249,024,551.00** |
| Payments | | | |
| Operating | | | |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 19,878,757.00 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 54,639,809.00 |
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 23,268,371.00 |
| 412000000 | Capital Work In Progress | RP-39 | 4,090,050.00 |
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 10,960,633.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 2,707,306.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6,176,700.00 |
| 460000000 | Loans, Advances and Deposits | RP-49 | 9,967,754.00 |

Digitally signed by ANILKU
Date: 2022.08.04 12:14:06
Reason: Approval
Location: Kerala

For the period from 01-04-2021 to 31-03-2022

| Code | Head Account | Schedule No. | Current Year A (Rs.) |
|---|---|---|---|
| Non-Operating | | | |
| 330000000 | Secured Loans | RP-31 | 4,930,658.00 |
| 340000000 | Deposits Received | RP-33 | 163,370.00 |
| 350000000 | Other Liabilities | RP-35 | 89,524,602.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | RP-40 | 205,092.00 |
| Closing Balance | | | |
| 450000000 | Cash and Bank balance | RP-40(b) | 22,511,449.00 |
| | **Total :** | | **249,024,551.00** |

Thirunelly Grama Panchayat

Income & Expenditure Statement

For the period from 01-04-2021 to 31-03-2022

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 6,802,744.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 804,697.00 |
| 140000000 | Fees & User Charges | I-4 | 1,619,137.00 |
| 150000000 | Sales & Hire Charges | I-5 | 347,414.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 371,998,331.00 |
| 170000000 | Income from Investments | I-7 | 0.00 |
| 171000000 | Interest Earned | I-8 | 171,999.00 |
| 180000000 | Other Income | I-9 | 6,810.00 |
| A | **Total - INCOME** | | **381,751,132.00** |
| 210000000 | Establishment Expenses | I-10 | 15,022,580.00 |
| 220000000 | Administrative Expenses | I-11 | 1,257,075.00 |
| 230000000 | Operations & Maintenance | I-12 | 3,143,079.00 |
| 240000000 | Interest & Finance Charges | I-13 | 1,291.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 19,157,939.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 108,087,784.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 32,888,095.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 79,979,006.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 69,850,100.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 8,858,214.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 130,620.00 |
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 0.00 |
| 190000000 | Prior Period Income | I-19 | 159,580.00 |
| B | **B - Total : EXPENDITURE** | | **338,375,783.00** |
| C = A-B | **Gross Surplus / (deficit) of income over expenditure before Prior Period Items.** | | **43,375,349.00** |
| **190000000** | Prior period Income | I-19 | **159,580.00** |
| **290000000** | Prior period Expenses | I-18 | **244,113.00** |
| **D** | Net Difference | I-19 - I-18 | **-84,533.00** |

| Code No | Description of items | Schedule No. | Current Ye (Rs.) |
|---|---|---|---|
| E | Gross Surplus / (deficit) of income over expenditure after Prior Period Items. | | 43,459,882.00 |
| 290000000 | Transfer to Reverse Funds | | |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | |
| Remarks: | | | |

Thirunelly Grama Panchayat

Balance Sheet

| Balance Sheet as on 31-03-2022 | | | |
|---|---|---|---|
| **Code No** | **Description of items** | **Schedule No.** | **Current Year Amount (Rs.)** |
| 310000000 | Panchayat (General) Fund | B-1 | 90,636,170.00 |
| 311000000 | Earmarked Funds | B-2 | 39,626.00 |
| 312000000 | Reserves | B-3 | 153,576,795.00 |
| 320000000 | Grants, Funds and Contributions for specific purposes | B-4 | 44,751,147.00 |
| 330000000 | Secured Loans | B-5 | 25,410,305.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposits Received | B-7 | 1,634,829.00 |
| 341000000 | Deposit works | B-8 | 41,000.00 |
| 350000000 | Other Liabilities | B-9 | 2,218,275.00 |
| 360000000 | Provisions | B-10 | 0.00 |
| | **Total :** | | **318,308,147.00** |
| 410000000 | Fixed Assets | B-11 | 3,059,790.00 |
| 412000000 | Capital Work-in-Progress | B-11(b) | 35,901,689.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3,851,533.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 61,222,064.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 173,437,051.00 |
| 416000000 | Accumulated Depreciation | B-11(a) | -17,641,727.00 |
| 420000000 | Investment –General Fund | B-12 | 0.00 |
| 421000000 | Sundry Debtors # | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 195,730.00 |
| 431000000 | Sundry Debtors (Receivables) | B-15 | 6,981,313.00 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0.00 |
| 440000000 | Pre-paid Expenses | B-16 | 13,147,650.00 |
| 450000000 | Cash and Bank Balance | B-17 | 22,511,449.00 |
| 460000000 | Loans, advances and deposits | B-18 | 15,641,605.00 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | **Total :** | | **318,308,147.00** |

Remarks:

**Deputy Director(H.G.)**
**District Audit Office Wayanad**
**Kerala State Audit Department**